പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XI

## (SUBJECT COMMITTEE XI)

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

# പീരിയോഡിക്കൽ റിപ്പോർട്ട്

(2019 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2019)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്

(Presented on 2nd July 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2019 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2019)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

669/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 5 |

# സബ്ജക്റ്റ് കമ്മിറ്റി XI
## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)
## (2019-2021)

**ഘടന**

ചെയർമാൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. സി. ജോസ്, സെക്രട്ടറി - ഇൻ - ചാർജ്

ശ്രീ. മാത്യുക്കുട്ടി ജ., ജോയിന്റ് സെക്രട്ടറി

ശ്രീ. വി. ജി. റിജു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2016-2018), 2016 ജൂലൈ 5-ാം തീയതി നിലവിൽ വന്നു (2016 ജൂലൈ 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 26 ഭാഗം 2), തുടർന്ന് ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2019-2021), 2019 ജനുവരി 7-ാം തീയതി നിലവിൽ വന്നു (2019 ജനുവരി 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 598 ഭാഗം 2) 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2018-19 കാലയളവിൽ സമിതി ആകെ 9 യോഗങ്ങൾ ചേർന്നു. ഇതിൽ 16-5-2018-ലെ യോഗം ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് പരിഗണിക്കുകയും അടുത്ത യോഗത്തിൽ പി. & എ.ആർ.ഡി., നിയമം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും വിശദമായ തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന്, 11-6-2018-ലെ യോഗം പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 1-4-2017 മുതൽ 31-3-2018 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ചെയ്തു. 25-7-2018-ലെ യോഗത്തിൽ 484/2017, 387/2017, 863/2017 എന്നീ എസ്.ആർ.ഒ.-കൾ സാധൂകരിക്കുകയും, 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് പരിഗണിക്കുകയും 3-10-2018-ലെ യോഗത്തിൽ ചട്ടം 235(എ) പ്രകാരം കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും ചെയ്തു. 5-12-2018-ൽ 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായും, 4-2-2019-ൽ 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനായും സമിതി യോഗം ചേർന്നു. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായി 21-2-2019, 5-3-2019 എന്നീ തീയതികളിലും, 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന

സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനായി 14-3-2019-ലും സമിതി യോഗം ചേർന്നു. സമിതി യോഗങ്ങളിൽ പങ്കെടുത്ത അംഗങ്ങളുടെ ശരാശരി ഹാജർനില 66% ആണ്.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും, അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും, അദ്ധ്യായം III-ൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങളും, അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങളും, അദ്ധ്യായം V-ൽ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും, അദ്ധ്യായം VI-ൽ (എ) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും, (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 24-6-2019-ന് ചേർന്ന സമിതിയോഗം അംഗീകരിച്ചു.

തിരുവനന്തപുരം,
2019 ജൂൺ 24.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

(എ) 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 11-6-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 19-6-2018-ന് സഭയിൽ സമർപ്പിക്കുകയുംചെയ്തു.

(ബി) 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്ട് കമ്മിറ്റി XI-ന്റെ പ്രവർത്തനം സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 11-6-2018-ലെ സമിതിയോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 19-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ കരട് 5-12-2018-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും, പ്രസ്തുത റിപ്പോർട്ട് 7-12-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ കരട് 4-2-2019-ലെ സമിതി യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 6-2-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

(എ) 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ.

പ്രസ്തുത ബിൽ സമിതിയുടെ 5-12-2018-ലെ യോഗം പരിഗണിക്കുകയും ബിൽ സംബന്ധിച്ച റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ ഭേദഗതി കൂടാതെ അംഗീകരിക്കുകയും റിപ്പോർട്ട് 7-12-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ.

പ്രസ്തുത ബിൽ സമിതിയുടെ 4-2-2019-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും,. റിപ്പോർട്ട് 6-2-2019-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

669/2019.

## അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ സംബന്ധിച്ച വിശദാംശം

(എ) ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ (സ്റ്റേറ്റ് & സബോർഡിനേറ്റ്) കരട് സമിതിയുടെ 16-5-2018-ലെ യോഗം പരിഗണിക്കുകയും, പി & എ.ആർ.ഡി. നിയമം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന്, 11-6-2018-ലെ യോഗത്തിൽ മേൽ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും കരട് ചട്ടം ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ബി) കേരള സഹകരണ സംഘ (രണ്ടാംഭേദഗതി) ചട്ടം 2017, എസ്.ആർ.ഒ. നമ്പർ 484/2017:—

പ്രസ്തുത എസ്.ആർ.ഒ. സമിതിയുടെ 25-7-2018-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(സി) കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ചട്ടം 2017, എസ്.ആർ.ഒ. നമ്പർ 863/2017:—

പ്രസ്തുത എസ്.ആർ.ഒ. സമിതിയുടെ 25-7-2018-ലെ യോഗത്തിൽ പരിഗണിക്കുകയും സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(ഡി) കേരള സഹകരണ സംഘം (ഭേദഗതി) ചട്ടം, എസ്. ആർ.ഒ. നമ്പർ 387/2017:—

പ്രസ്തുത എസ്.ആർ.ഒ. സമിതിയുടെ 25-7-2018-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം, കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം സംബന്ധിച്ച് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുമായി സമിതി 3-10-2018-ലെ യോഗത്തിൽ ചർച്ച നടത്തി.

## അദ്ധ്യായം V

### നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്

(എ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ എന്ന

ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട 2014-15, 2015-16, 2016-17 വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ പി. തിലോത്തമൻ 20-6-2018-ന് സഭയിൽ സമർപ്പിച്ചു.

(ബി) XXVII—സഹകരണം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സഹകരണ വകുപ്പിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ കടകംപള്ളി സുരേന്ദ്രൻ 20-6-2018-ന് സഭയിൽ സമർപ്പിച്ചു.

(സി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സഹകരണ വകുപ്പിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ 6-12-2018-ന് സഭയിൽ സമർപ്പിച്ചു.

## <u>അദ്ധ്യായം VI</u>

### (എ) 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 35 ശിപാർശകളിൽ സഹകരണം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളിൽ നിന്നും എല്ലാ ശിപാർശകളിന്മേലും മറുപടി ലഭിച്ചിട്ടുണ്ട്. ആയത് ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം

(i) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ, അഞ്ചാമത് റിപ്പോർട്ടിലെ ലീഗൽ മെട്രോളജിയുമായി ബന്ധപ്പെട്ട 27, 28, 29, 30, 33, 34 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം സംബന്ധിച്ച പത്രിക ഉപഭോക്തൃകാര്യ വകുപ്പ് 22-9-2018-ലെ 127/സി.എ.4/17/ഉ.ക.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത് ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ 5-12-2018-ന് സഭയിൽ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതിയിൽ സമർപ്പിച്ചിട്ടില്ല.

(ii) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ 28, 30 എന്നീ ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം സംബന്ധിച്ച പത്രിക ഭക്ഷ്യപൊതുവിതരണ വകുപ്പ് 17-9-2018-ലെ 1490874/സി2/18/ഭ.സി.സ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത് ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ 5-12-2018-ന് സഭയിൽ സമർപ്പിച്ചു. നടപടി സ്റ്റേറ്റ്മെന്റ് സമിതിയിൽ സമർപ്പിച്ചിട്ടില്ല.

## അദ്ധ്യായം VII

2018 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2019 ജൂൺ 24.

## അനുബന്ധം

## 16-5-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2018 മേയ് 16-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. ജോർജ് എം. തോമസ്
3. ശ്രീ. പി. സി. ജോർജ്
4. ശ്രീ. വി. ജോയി
5. ശ്രീ. മുഹമ്മദ് മുഹസിൻ പി.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്
2. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്
3. ശ്രീമതി പി. ലീല, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി ആർ. റീനഗോപാൽ, ജോയിന്റ് കൺട്രോളർ
6. ശ്രീ. കെ. സുഭാഷ്, ലാ ഓഫീസർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്

7. ശ്രീമതി ബിന്ദു സി. വർഗീസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്.

സമിതി ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് (സ്റ്റേറ്റ് സർവ്വീസ് റൂൾസും സബോർഡിനേറ്റ് റൂൾസും) പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന പ്രകാരം ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു:

ചർച്ചയുടെ പ്രാരംഭത്തിൽ എസ്.ആർ.ഒ. (സ്റ്റേറ്റ് സർവ്വീസ് റൂൾസ്)-ന്റെ എക്സ്പ്ലനേറ്ററി നോട്ടിൽ 30-4-2014-ലെ സബ്ജക്ട് കമ്മിറ്റി യോഗം ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ, 2013 റിപ്ലേസ് ചെയ്യാൻ തീരുമാനിച്ചുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു എന്നും എന്നാൽ പ്രസ്തുത തീയതിയിൽ സബ്ജക്ട് കമ്മിറ്റി യോഗം ചേർന്നിട്ടില്ലാത്തതിനാൽ ഈ വിഷയം ക്ലാരിഫിക്കേഷന് വിടുന്നത് നല്ലതാണ് എന്ന കാര്യം നിയമസഭാ സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യവേ, ഒരേ ജോലിയ്ക്ക് രണ്ടുതരം എക്സ്പീരിയൻസ്/യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ എന്ന് സമിതി ചെയർമാൻ ആരാഞ്ഞതിന് മറുപടിയായി വകുപ്പിൽ മൂന്ന് വർഷത്തെ സർവ്വീസും മതിയായ യോഗ്യതയുമുള്ളവരെ പ്രൊമോഷന് പരിഗണിയ്ക്കാമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതായി ലീഗൽ മെട്രോളജി കൺട്രോളർ സമിതിയെ അറിയിച്ചു.

എന്നാൽ പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ 50 ശതമാനം ചാൻസ് നഷ്ടപ്പെടുന്ന കാര്യവും, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവരുടെ പ്രവൃത്തി പരിചയം പ്രൊഫഷണൽ എക്സ്പീരിയൻസായി പരിഗണിക്കാൻ KSSR പ്രകാരം പാടില്ല എന്നുമുള്ള വിഷയങ്ങൾ ചർച്ചയിൽ വന്നെങ്കിലും പി.എസ്.സി. പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികളുടെ വിഷയം മുൻഗണന നൽകി പരിഗണിക്കേണ്ടതാണെന്നും തസ്തികമാറ്റം വഴിയുള്ള നിയമനകാര്യം അതിന് ശേഷമേ പരിഗണിയ്ക്കേണ്ടതായിട്ടുള്ളൂ എന്ന ബഹു സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

പ്രസ്തുത വിഷയത്തിന്മേൽ നിയമവകുപ്പിന്റെ അഭിപ്രായം ബഹു. സമിതി ചെയർമാൻ ആരാഞ്ഞതിന് മറുപടിയായി, നിയമവകുപ്പ് വെറ്റ് ചെയ്ത ചില തിരുത്തലുകൾ വരുത്തിയ

ശേഷമാണ് കരട് ചട്ടം സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ആദ്യം നിയമ വകുപ്പ് വെറ്റ് ചെയ്ത് നൽകിയ ഡ്രാഫ്റ്റാണ് സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് വീണ്ടും സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതെന്ന് ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ സെക്രട്ടറി കൂട്ടിച്ചേർത്തു.

ഈ വിഷയത്തിന്മേൽ കൂടുതൽ വ്യക്തത വരുത്തുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി സമിതിയുടെ അടുത്ത യോഗത്തിൽ നിയമവകുപ്പ് സെക്രട്ടറി, പി & എ. ആർ. ഡി. ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 2.50-ന് അവസാനിച്ചു.

## 11-6-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2018 ജൂൺ 11-ാം തീയതി തിങ്കളാഴ്ച നിയമസഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ് .പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
3. ശ്രീ. എൽദോസ് പി .കുന്നപ്പിള്ളിൽ, എം.എൽ.എ.
4. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
5. ശ്രീ. വി. ജോയി, എം.എൽ.എ.
6. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി

2. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. വേണുഗോപാൽ, സെക്രട്ടറി, സഹകരണ വകുപ്പ്

2. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

3. ഡോ. പി. സുരേഷ് ബാബു, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്.

4. ശ്രീ. എൻ. ടി. എൽ. റെഡ്ഡി, ഡയറക്ടർ, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ്

5. ശ്രീമതി ആർ. ആനന്ദവല്ലി, അഡീഷണൽ സെക്രട്ടറി, പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ഡിപ്പാർട്ട്മെന്റ്

6. ശ്രീമതി വി. ലീല, അഡീഷണൽ ലാ സെക്രട്ടറി, നിയമവകുപ്പ്

7. ശ്രീമതി പി. ഇന്ദുകല, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

8. ശ്രീമതി ആർ. റീനാ ഗോപാൽ, ജോയിന്റ് കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

9. ശ്രീ. കെ. സുബാഷ്, ലാ ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്

10. ശ്രീ. വി. ആർ. പ്രമോദ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്

11. ശ്രീ. വി. വേണുഗോപാൽ, അസിസ്റ്റന്റ് സെക്രട്ടറി, കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ്

12. ശ്രീ. ആർ. ഷാഹുൽ ഹമീദ്, ചീഫ് അക്കൗണ്ട്സ് ഓഫീസർ, കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ്.

സമിതി, ലീഗൽ മെട്രോളജി വകുപ്പിന്റെ സ്റ്റേറ്റ്, സബോർഡിനേറ്റ് സർവ്വീസ് എന്നിവയുടെ സ്പെഷ്യൽ റൂൾസിന്റെ കരട്, 2017-18 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ കളിന്മേൽ സഹകരണം, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 1-4-2017 മുതൽ 31-3-2018 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന പ്രകാരം ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

I. <u>കേരള ലീഗൽ മെട്രോളജി റൂൾസിന്റെ (സ്റ്റേറ്റ് റൂൾസും സബോർഡിനേറ്റ് റൂൾസും) കരട് പരിഗണന</u>

(ഫയൽ നമ്പർ 797/സബ്.സി.ജി1/2017/നി.സെ.

ഫയൽ നമ്പർ 5095/സബ്.സി.ജി1/2016/നി.സെ.)

കരട് ചട്ടത്തിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞതിന്, 2009-ലെ പേരന്റ് ആക്ടിന്റെ ഡെഫിനിഷൻ ക്ലോസിൽ ലീഗൽ മെട്രോളജി ഓഫീസേഴ്സിനെ സംബന്ധിച്ചുള്ള ലിസ്റ്റ് പരാമർശിച്ചിട്ടുണ്ടെന്നും സീനിയർ ഇൻസ്പെക്ടർ എന്ന തസ്തികയെക്കുറിച്ച് പ്രസ്തുത ആക്ടിൽ പരാമർശിച്ചിട്ടില്ലെന്നും ആക്ടിൽ പരാമർശിച്ചിട്ടില്ലാത്ത പ്രസ്തുത പോസ്റ്റിന് സെൻട്രൽ ആക്ടിന്റെ പ്രൊട്ടക്ഷൻ ലഭിക്കാതെ വരുമെന്ന് ലീഗൽ മെട്രോളജി കൺട്രോളർ സമിതി മുമ്പാകെ അറിയിക്കുകയുണ്ടായി.

സീനിയർ ഇൻസ്പെക്ടർ ഓഫ് ലീഗൽ മെട്രോളജി എന്ന പോസ്റ്റ് പുതിയതായി ക്രിയേറ്റ് ചെയ്ത പോസ്റ്റാണോ എന്നും സെൻട്രൽ ആക്ടിൽ പരാമർശിക്കാത്ത ഒരു പോസ്റ്റ് നിലവിൽ വന്നത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് സീനിയർ ഇൻസ്പെക്ടർ ഓഫ് ലീഗൽ മെട്രോളജി എന്ന തസ്തിക പേറിവിഷനിൽ ഉൾപ്പെടുത്തിയ ശേഷം 1992-ൽ നിലവിൽ വന്നുയെന്നും ലീഗൽ മെട്രോളജി റവന്യൂ വകുപ്പിന്റെ ഭരണത്തിലായിരുന്ന അവസരത്തിൽ സമിതി മുമ്പാകെ സമർപ്പിച്ച കരട് ചട്ടത്തിൽ പ്രസ്തുത തസ്തിക

ഉൾപ്പെടുത്തിയിരുന്നുവെന്നും ഇത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷമുള്ള ചർച്ചകളിൽ ഉയർന്നു വന്നിട്ടില്ലായെന്ന് ലീഗൽ മെട്രോളജി വകുപ്പ് സെക്രട്ടറി അറിയിച്ചു.

പേരന്റ് ആക്ടിൽ Legal Metrology Officer means Additional Director, Additional Controller, Joint Director, Joint Controller, Deputy Director, Deputy Controller, Assistant Director, Assistant Controller and Inspector appointed under section 13 & 14 എന്ന് പരാമർശിച്ചിരിക്കുന്നതെന്നും പ്രസ്തുത ഇൻസ്പെക്ടർ തസ്തികയാണ് സീനിയർ ഇൻസ്പെക്ടർ തസ്തികയായി മാറ്റിയതെന്നും പ്രസ്തുത വിഷയം നേരത്തെ സബ്ജക്ട് കമ്മിറ്റി പരിഗണിച്ചിട്ടുള്ളതിനാൽ ഈ മാറ്റത്തെ അതേ രീതിയിൽ തന്നെ സ്വീകരിക്കേണ്ടതായിവരുമെന്നും ലീഗൽ മെട്രോളജി വകുപ്പ് കൂട്ടിച്ചേർത്തു.

കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ സീനിയർ ഇൻസ്പെക്ടർ എന്നും സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഇൻസ്പെക്ടർ എന്നുമാണ് പരാമർശിച്ചിരിക്കുന്നതെന്നും നേരത്തെ വെറ്റ് ചെയ്ത റൂൾ പ്രകാരം 'സീനിയർ' എന്നത് ഒരു ഗ്രേഡ് മാത്രമാണെന്നും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറിയും അഭിപ്രായപ്പെട്ടു.

പേറിവിഷൻ പ്രകാരം 1992-ൽ ക്രിയേറ്റ് ചെയ്ത പോസ്റ്റാണിതെന്നും, ഒരു പോസ്റ്റ് ക്രിയേറ്റ് ചെയ്താൽ മാത്രമേ അത് സ്പെഷ്യൽ റൂളിന്റെ ഭാഗമാകുകയുള്ളുവെന്ന് പി ആന്റ് എ .ആർ.ഡി. അഡീഷണൽ സെക്രട്ടറിയും സമിതിയെ അറിയിച്ചു

നിയമ വകുപ്പിനെയും P & ARD-യെയും ഉൾപ്പെടുത്തി ലീഗൽ മെട്രോളജി വകുപ്പ് ഒരു യോഗം നടത്തിയെന്നും സബോർഡിനേറ്റ് സർവ്വീസിലെ ക്വാളിഫിക്കേഷനുമായി ബന്ധപ്പെട്ട് തർക്കമുണ്ടെന്നും, പ്രസ്തുത ഭാഗത്ത് മാറ്റങ്ങൾ ഉൾപ്പെടുത്തി കറക്ട് ചെയ്തിട്ടുണ്ടെന്നും ലീഗൽ മെട്രോളജി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

Inspector of Legal Metrology-യുടെ ക്വാളിഫിക്കേഷനിലെ Note 2 നീക്കം ചെയ്യണമെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു

ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ ഡിപ്ലോമ കോഴ്സ് പൂർത്തീകരിച്ചാൽ ഡിപ്പാർട്ടുമെന്റിലായി ഏതെങ്കിലും സ്ഥാപനത്തിൽ അയച്ച് മൂന്ന് വർഷത്തെ എക്സ്പീരിയൻസ് നേടുന്നതിനായി കേരളത്തിൽ ഏതെങ്കിലും സ്ഥാപനം നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന അത്തരമൊരു സ്ഥാപനം കേരളത്തിൽ നിലവിലില്ലെന്ന് ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ സമിതിയെ അറിയിച്ചു

പി. എസ്. സി. മുഖേന നേരിട്ട് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ പ്രൊഫഷണൽ എക്സ്പീരിയൻസ് എവിടെ നിന്ന് നേടണമെന്നത് സംബന്ധിച്ച് കരട് ചട്ടത്തിൽ പരാമർശിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇത് സംബന്ധിച്ച് " 3 years professional experience in central or state Government Service or in public sector undertaking or Registered Private Sector undertaking after acquiring the basic qualification prescribed for the post, in the field of Engineering in which the candidate has earned the Diploma" എന്ന് ചട്ടത്തിൽ പരാമർശിച്ചിട്ടുണ്ടെന്നും പ്രൊഫഷണൽ എക്സ്പീരിയൻസിൽ മാത്രമാണ് വകുപ്പിലുള്ളവർക്ക് ഇളവ് നൽകിയിട്ടുള്ളതെന്നും യോഗ്യത ഇരുവിഭാഗത്തിനും ഒരുപോലെയാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെയും കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെയും 12-ാം മത്തെ ചട്ടം ഒഴിവാക്കണമെന്ന് ലാ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു

ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കാറ്റഗറിയുടെ Method of Appointment-മായി ബന്ധപ്പെട്ട് By direct recruitment ഒന്നാമത്തെ ഐറ്റമായി കൊണ്ടുവരുന്നതിനും "By direct recruitment in the absence of qualified persons for appointment by transfer" എന്നതിലെ "in the absence of qualified persons for appointment by Transfer" എന്നത് നീക്കം ചെയ്യുകയും by direct recruitment -ന്റെയും by transfer ന്റെയും ratio 1:1 ആയി നിലനിർത്തണമെന്നും സമിതി നിർദ്ദേശിച്ചു തുടർന്ന് കരട് ചട്ടത്തിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്താനും നിർദ്ദേശിച്ചു

Kerala Legal Metrology Subordinate Service Special Rules 2017-ൽ Short title and commencement (2)-ൽ They shall be deemed to have came into force with effect from the 1st day of April, 2011 എന്നതിന് പകരം "Save as otherwise provided in these rules, They shall be deemed to have came into force on the 1st day of April, 2011" എന്നാക്കാൻ തീരുമാനിച്ചു.

Table 1-ലെ Inspector of Legal Metrology-യുടെ Method of appointment-മായി ബന്ധപ്പെട്ട് Note (1)-ൽ "Appointment by direct recruitment under item 1 above and by promotion under item 2 above shall be made in the ratio of 1:1 on the cadre strength of the category 1" എന്നതിൽ By promotion-ന് ശേഷം "By transfer" എന്നു കൂടി ചേർക്കാൻ തീരുമാനിച്ചു.

Note (2)-ൽ "In the case of appointment by promotion, in the absence of qualified person from item under A and B above, a ratio of 3:2 shall be maintained between item C and D above" എന്നതിൽ By promotion-ന് ശേഷം By transfer എന്നുകൂടി ചേർക്കാൻ തീരുമാനിച്ചു. ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കാറ്റഗറിയുടെ Method of Appointment-മായി ബന്ധപ്പെട്ട് (1) By transfer from the class IV employees in the Legal Metrology Department.

(2) By Direct recruitment in the absence of qualified persons for appointment by transfer എന്നതിന് പകരം

By direct recruitment എന്നത് ഒന്നാമതായും By transfer എന്നത് രണ്ടാമതായും കൊണ്ടുവരുന്നതിനും "By direct recruitment in the absence of qualified persons for appointment by transfer" എന്നതിലെ " in the absence of qualified persons for appointment by transfer എന്നത് നീക്കം ചെയ്യുന്നതിനും തീരുമാനിച്ചു.

പ്രസ്തുത ടേബിളിന് താഴെപ്പറയുന്നവ നോട്ടായി ചേർക്കാൻ തീരുമാനിച്ചു

(1) Note 1 Appointment by direct recruitment and by transfer to category 3 shall be made in the ratio 1:1.

(2) Note 1 above shall come into force with effect from the date of notification of these rules.

ടേബിൾ 2-ൽ Inspector of Legal Metrology-യുടെ ക്വാളിഫിക്കേഷനിലെ Diploma in Engineering after undergoing a regular course of study of 3 years എന്ന ചട്ടവും 3-years professional experience in Central or State Government Service or in public sector undertaking or registered private sector undertaking after acquiring the basic qualification prescribed for the post in the field of Engineering in which the candidate has earned the Diploma എന്ന ചട്ടവും ഒറ്റചട്ടമായി മാറ്റുന്നതിനും തീരുമാനിച്ചു.

Inspector of Legal Metrology-യുടെ ക്വാളിഫിക്കേഷനിലെ Note-2 നീക്കം ചെയ്യുന്നതിന് തീരുമാനിച്ചു.

Inspector of Legal Metrology-യുടെ ക്വാളിഫിക്കേഷനിലെ Note-3 ലെ "recruitees under" എന്നത് "The persons appointed" എന്ന രീതിയിൽ മാറ്റാൻ തീരുമാനിച്ചു.

Inspecting Assistant-ന്റെ ക്വാളിഫിക്കേഷനിൽ (1) A pass in plus Two or Equivalent

or

(2) (i) SSLC or Equivalent;

and

(ii) Holds a National Trade certificate issued by National Council for Vocational Training or its equivalent എന്നത്

(1) A pass in plus two or equivalent

or

(2) SSLC or equivalent and Holds a National Trade Certificate issued by National Council for Vocational Training or its equivalent എന്നാക്കി മാറ്റണം.

Table II-ലെ Inspecting Assistant-ന്റെ ക്വാളിഫിക്കേഷനിലെ ഇനം (3)നോടൊപ്പം പ്രസ്തുത ടേബിളിലെ നോട്ട് ഉൾപ്പെടുത്തുന്നതിനും, ഇനം (4) നോട്ടായി മാറ്റുന്നതിനും തീരുമാനിച്ചു.

ഇനം (3)-ലെ "recruitees under" എന്നതിന് പകരം "The persons appointed" എന്ന രീതിയിൽ മാറ്റുന്നതിന് തീരുമാനിച്ചു.

കൂടാതെ Note-ന്റെ അവസാന ഭാഗത്ത് " The minimum mark required for a pass in shall be 40% (forty percent)" എന്നതിലെ 'in' മാറ്റുന്നതിന് തീരുമാനിച്ചു.

ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 1 ഒഴിവാക്കാൻ തീരുമാനിച്ചു.

Kerala Legal Metrology State Service Special Rules 2017-ൽ റൂൾസ് 1(2)-ലെ "They shall be deemed to have come into force on 1st day of April, 2011 " എന്ന ചട്ടം "Save as otherwise provided in these rules, They shall be deemed to have come into force on the 1st day of April, 2011" എന്നാക്കാൻ തീരുമാനിച്ചു.

ലീഗൽ മെട്രോളജിയുടെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 12 ഒഴിവാക്കാൻ തീരുമാനിച്ചു.

സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ഇൻസ്പെക്ടർ ഓഫ് ലീഗൽ മെട്രോളജിയുടെ ക്വാളിഫിക്കേഷനിൽ വരുത്തിയ ഭേദഗതികൾ അതുപോലെ സ്റ്റേറ്റ് സർവ്വീസിലും കൊണ്ടുവരാൻ തീരുമാനിച്ചു

ലീഗൽ മെട്രോളജി വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച് താഴെപ്പറയുന്നവർ നൽകിയ പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് വ്യക്തികളിൽ നിന്നുള്ള പരാതികൾ ചട്ടപ്രകാരം സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിക്കാൻ തീരുമാനിക്കുകയും കേരള ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് ഭേദഗതികളോടുകൂടി അംഗീകരിക്കാനും തീരുമാനിച്ചു

(i) ശ്രീ. മഹേഷ്, തിരുവനന്തപുരം

(ii) ശ്രീ. ജിനിൽ, ആർ. അരവിന്ദ്, പത്തനംതിട്ട

(iii) ശ്രീ. വിജയകുമാർ പി., പാലക്കാട്

(iv) ശ്രീ. എബിൻ ഏലിയാസ്, എറണാകുളം

(v) ശ്രീ. രാഹുൽ കെ., കൊല്ലം

(vi) ശ്രീമതി അനുഷ രാജീവ്, കൊല്ലം

(vii) ശ്രീമതി പ്രഭ ആർ., പാലക്കാട്

(viii) ശ്രീ. രാഹുൽ കെ. എം., എറണാകുളം

(ix) ശ്രീ. മനു മോഹൻ, എറണാകുളം.

II. 2017-18 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 1887/സബ്.സി.ജി1/2017/നി.സെ.)

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 1 മുതൽ 15 വരെയുള്ള ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 19, 21, 23, 27 എന്നിവയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചു.

III. ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ പരിഗണന

(ഫയൽ നമ്പർ 1887/സബ്.സി.ജി1/2017/നി.സെ.)

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ അംഗീകരിച്ചു.

IV. പീരിയോഡിക്കൽ റിപ്പോർട്ടിന്റെ പരിഗണന

(ഫയൽ നമ്പർ 2943/സബ്.സി.ജി1/2018/നി.സെ.)

1-4-2017 മുതൽ 31-3-2018 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ അംഗീകരിച്ചു.

താഴെ പറയുന്ന വിഷയങ്ങൾ സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റി വച്ചു:

(എ) 2013-14 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ടിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവര റിപ്പോർട്ട്.

(ഫയൽ നമ്പർ 269/സബ്.സി.ജി1/2014/നി.സെ.)

(ബി) കേരള സഹകരണ സംഘം ചട്ടം 1969, ചട്ടം 67(4) ഭേദഗതി വരുത്തി സഹകരണ ആർബിട്രേഷൻ കോടതികളിലെ പ്രിസൈഡിംഗ് ഓഫീസർമാരായി

നിയമിക്കപ്പെടുന്നവരുടെ കാലാവധി നിജപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം (എസ്.ആർ.ഒ.. 387/2017).

(ഫയൽ നമ്പർ 486/സബ്.സി.ജി1/2018/നി.സെ.)

(സി) കേരള സഹകരണ സംഘം ചട്ടം 1969, ചട്ടം 183-ൽ ഭേദഗതി വരുത്തി നേരിട്ടുള്ള നിയമനത്തിന് വിധവകൾക്കുള്ള ഉയർന്ന പ്രായപരിധി 5 വർഷം കൂട്ടുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം (എസ് .ആർ.ഒ. 484/2017).

(ഫയൽ നമ്പർ 451/സബ്.സി.ജി1/2018/നി.സെ.)

(ഡി) 2017-ലെ കേരള സഹകരണ സംഘ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയ ശേഷം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം (എസ്.ആർ .ഒ. 863/2017).

(ഫയൽ നമ്പർ 3693/സബ്.സി.ജി1/2017/നി.സെ.)

(ഇ) 2014-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിൽ ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സംബന്ധിച്ച വിഷയത്തിന്മേലുള്ള നടപടി റിപ്പോർട്ട്.

(ഫയൽ നമ്പർ 133/സബ്.സി.ജി1/2014/നി.സെ.)

(എഫ്) 1117/സബ്.സി.ജി1/13/നി.സെ. ഫയൽ വിഷയം സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നത് സംബന്ധിച്ച്.

സമിതിയോഗം വൈകുന്നേരം 6.20-ന് അവസാനിച്ചു.

## 25-7-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2018 ജൂലൈ 25-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.

2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

4. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.

5. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്
2. ശ്രീ. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
3. ശ്രീമതി വി. ഹെലീന തോമസ്, ലാ ഓഫീസർ, ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
4. ശ്രീ. ടി. അയ്യപ്പൻ നായർ, അസിസ്റ്റന്റ് രജിസ്ട്രാർ, ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

സമിതി 484/2017, 387/2017, 863/2017 എന്നീ എസ്.ആർ.ഒ.-കൾ പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം, 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവര റിപ്പോർട്ട്, 2014-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിൽ ചട്ടങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേലുള്ള നടപടി റിപ്പോർട്ട്, 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റിൽ ചട്ടങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച ഫയൽ വിഷയം എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. കേരള സഹകരണസംഘം ചട്ടം 1969 ചട്ടം 183-ൽ ഭേദഗതി വരുത്തി നേരിട്ടുള്ള നിയമനത്തിന് വിധവകൾക്കുള്ള ഉയർന്ന പ്രായപരിധി 5 വർഷം കൂട്ടുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം സംബന്ധിച്ച് (എസ്.ആർ.ഒ. നമ്പർ 484/2017)

(ഫയൽ നമ്പർ 451/സബ്.സി.ജി1/2018/നി.സെ.)

കരട് ചട്ടങ്ങൾ എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കുന്ന സർക്കാർ കുറിപ്പിൽ, അടിയന്തര പ്രാധാന്യമുള്ള

വിഷയമായതിനാൽ ഗവൺമെന്റിന് പ്രത്യേക സാഹചര്യത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതായി വന്നുവെന്നും, വിജ്ഞാപനം പുറപ്പെടുവിക്കേണ്ടിവന്ന അടിയന്തര സാഹചര്യം എന്താണെന്നും പ്രസ്തുത കുറിപ്പിൽ രേഖപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു

നേരിട്ടുള്ള നിയമനത്തിന് വിധവകൾക്കുള്ള ഉയർന്ന പ്രായപരിധി 5 വർഷം കൂട്ടുന്നതുമായി ബന്ധപ്പെട്ട കേരള സഹകരണ സംഘം ചട്ടം ഭേദഗതി നേരിട്ടുള്ള നിയമനത്തിന് മാത്രമാണോ ബാധകമായിട്ടുള്ളതെന്നും ആശ്രിത നിയമനത്തിനും ഈ ഭേദഗതി ബാധകമാണോ എന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിജ്ഞാപന പ്രകാരം നേരിട്ടുള്ള നിയമനത്തിന് വിധവകൾക്കുള്ള ഉയർന്ന പ്രായപരിധി 40 വയസ്സിൽ നിന്നും 45 വയസ്സായി ഉയർത്തിയിട്ടുണ്ടെന്നും ഭേദഗതി നേരിട്ടുള്ള നിയമനത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെന്നും, ആശ്രിത നിയമനത്തിനും പൊതുവായ പ്രായപരിധി തന്നെയാണ് ബാധകമെന്നും ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

തുടർന്ന് എസ്.ആർ.ഒ. നമ്പർ 484/2017 ആയി പുറപ്പെടുവിച്ച വിജ്ഞാപനം സാധൂകരിക്കാൻ തീരുമാനിച്ചു.

2. <u>കേരള സഹകരണ സംഘം ചട്ടം 1969, ചട്ടം 67(4) ഭേദഗതി വരുത്തി സഹകരണ ആർബിട്രേഷൻ കോടതികളിലെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കപ്പെടുന്നവരുടെ കാലാവധി നിജപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം സംബന്ധിച്ച് - (എസ്.ആർ.ഒ. നമ്പർ 387/2017)</u>

(ഫയൽ നമ്പർ 486/സബ്.സി.ജി1/2018/നി.സെ.)

കേരള സഹകരണ സംഘം ചട്ടം 1969, ചട്ടം 67(4)-ൽ ഭേദഗതി വരുത്തി സഹകരണ ആർബിട്രേഷൻ കോടതികളിലെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കപ്പെടുന്നവരുടെ കാലാവധി മൂന്ന് വർഷമെന്നത് മൂന്ന് വർഷമോ 62 വയസ്സോ ഏതാണോ ആദ്യം അതുവരെയായി നിജപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനം സമിതി സാധൂകരിച്ചു.

3. <u>2017-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ചട്ടങ്ങൾ സംബന്ധിച്ച വിജ്ഞാപനത്തിന്റെ സാധൂകരണം സംബന്ധിച്ച് - (എസ്.ആർ.ഒ. നമ്പർ 863/2017)</u>

(ഫയൽ നമ്പർ 3693/സബ്.സി.ജി1/2017/നി.സെ.)

863/2017 നമ്പർ ആയി പുറപ്പെടുവിച്ച എസ്.ആർ.ഒ.-യിൽ താഴെ പറയുന്ന ചട്ടങ്ങളിൽ തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത വിജ്ഞാപനം സമിതി സാധൂകരിച്ചു :

(എ) ചട്ടം 2(7)-ൽ 'in clause (c)' എന്നത് 'in clause (e)' എന്ന രീതിയിൽ മാറ്റേണ്ടതാണ്.

(ബി) ചട്ടം 2(10) (a)യുടെ അവസാന ഭാഗത്ത് "shall be added" എന്നതിനു പകരം "shall be substituted" എന്ന രീതിയിൽ മാറ്റണം.

4. 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവര റിപ്പോർട്ട് സംബന്ധിച്ച്

(ഫയൽ നമ്പർ 269/സബ്.സി.ജി1/2014/നി.സെ.)

ഭക്ഷ്യവും സിവിൽ സപ്ലൈസും ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 2014-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ടിൽ ചട്ടങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേലുള്ള നടപടി റിപ്പോർട്ട് സംബന്ധിച്ച്

(ഫയൽ നമ്പർ 133/സബ്.സി.ജി1/2014/നി.സെ.)

2014-ലെ സഹകരണ സംഘം (ഭേദഗതി) നിയമത്തിലെ വകുപ്പ് 80 A-യിലെ ഭേദഗതിക്കനുസൃതമായി സഹകരണ ബോർഡുകളിലെ ജീവനക്കാരെക്കൂടി സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1994-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എംപ്ലോയീസ് സെൽഫ് ഫിനാൻസിംഗ് പെൻഷൻ സ്കീമിൽ ഭേദഗതി വരുത്തിയാൽ മതിയെന്നും അതിനായി പ്രത്യേക ചട്ടം രൂപീകരിക്കേണ്ട ആവശ്യമില്ലെന്നുള്ള നിയമവകുപ്പിന്റെ നിർദ്ദേശപ്രകാരം നിലവിലുള്ള സ്കീമിൽ ഭേദഗതി വരുത്തുന്നതിനായി 2017-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചതിനെ തുടർന്ന് സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു

6. സമിതിയുടെ ശ്രദ്ധയിൽപ്പെട്ടത്തിയ വിഷയം

2013-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്ടിൽ ചട്ടങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 1117/സബ്.സി.ജി1/2013/നി.സെ.)

കേരള സഹകരണ സംഘം നിയമത്തിൽ സർവ്വീസ് ചട്ടങ്ങൾ രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ ഇല്ലാതിരുന്നതിനാലാണ് 2013-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്ടിൽ 80 ഡി വകുപ്പ് ചേർത്തതെന്നും

എന്നാൽ നേരത്തെ എക്സിക്യൂട്ടീവ് ഓർഡർ നിലനിന്നിരുന്ന സമയത്തും ജീവനക്കാരുടെ നിയമനത്തിന് ചട്ടങ്ങളും റെഗുലേഷനും ഉണ്ടായിരുന്നുവെന്നും ആയത് കാലാകാലമായി പരിഷ്കരിച്ച് വരുന്നുണ്ടെന്ന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമപരമായി ആക്ട് നിലവിലുള്ളതിനാൽ അതിനനുസരിച്ചുള്ള റെഗുലേഷൻ വേണമെന്ന് നിയമ വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും രജിസ്ട്രാറുടെ പെർമിഷനോടുകൂടി വെൽഫെയർ ബോർഡ് അപ്രൂവ് ചെയ്യുമ്പോൾ നിലവിലുള്ള ആക്ടിനനുസരിച്ചുള്ള റെഗുലേഷൻ ഇഷ്യൂ ചെയ്യുമെന്നും ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.35-ന് അവസാനിച്ചു.

## 3-10-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2018 ഒക്ടോബർ 3-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
4. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
5. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
6. ശ്രീ. വി. ജോയി, എം.എൽ.എ.
7. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്
2. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
3. ശ്രീ. എം. മെഹബൂബ്, ചെയർമാൻ, കൺസ്യൂമർ ഫെഡ്
4. ശ്രീ. എസ്. ഷാനവാസ്, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
5. ശ്രീമതി ഇ. ആർ. രാധാമണി, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ്
6. ശ്രീ. എ. സഹദേവൻ, ജനറൽ മാനേജർ (എം ഡി ഇൻ-ചാർജ്), കൺസ്യൂമർ ഫെഡ്
7. ശ്രീ. പി. എഡ്വേർഡ്, ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ അഡ്വൈസർ ഓഫീസർ, കൺസ്യൂമർ ഫെഡ്
8. ശ്രീ. പി. ആർ. രാജേഷ്, ലെയ്സൺ ഓഫീസർ, കൺസ്യൂമർ ഫെഡ്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം 'കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം' സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച സംക്ഷിപ്ത റിപ്പോർട്ടാണ് സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതെന്നും 2010 വരെ കൺസ്യൂമർ ഫെഡ് ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നതെന്നും അതിനുശേഷമുള്ള ക്യുമുലേറ്റീവ് ലോസ് റിപ്പോർട്ടിൽ പ്രത്യേകമായി കാണിച്ചിട്ടുണ്ടെന്നും ഇപ്പോൾ രണ്ട് വർഷമായി ഫെഡറേഷൻ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് കൺസ്യൂമർ ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ പ്രധാനപ്പെട്ടവയെ സംബന്ധിച്ച് വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ പൊതുവിപണി വിലയിൽ നിന്നും കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തുന്നതിനായി 196 ത്രിവേണി സ്റ്റോറുകളും കൂടാതെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളും പ്രവർത്തിച്ചു

വരുന്നുവെന്നും ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ ഏറ്റവും കൂടുതൽ നഷ്ടത്തിലേയ്ക്ക് പോകുന്ന ഒരു പ്രധാനപ്പെട്ട വിഭാഗം ത്രിവേണി സ്റ്റോറുകളാണെന്നും അതിന് കാരണം സബ്സിഡി ഉൽപ്പന്നങ്ങളുടെ വിൽപനയുമായി ബന്ധപ്പെട്ടതാണെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. 2016-17 സാമ്പത്തിക വർഷത്തിൽ ഉണ്ടായിരുന്ന ത്രിവേണിയിലെ നഷ്ടം 68 കോടി എന്നത് 2017-18-ൽ 26 കോടിയായി ചുരുങ്ങിയിട്ടുണ്ടെന്നും 2016-17 വർഷത്തിൽ ത്രിവേണിയുടെ വിൽപ്പന 100 കോടിയായിരുന്നത് 2017-18 വർഷത്തിൽ 280 കോടിയായി വർദ്ധിച്ചിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രാഥമിക സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ, കൺസ്യൂമർ ഫെഡറേഷന്റെ തെരഞ്ഞെടുക്കപ്പെട്ട ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവയിലൂടെ നടത്തപ്പെട്ട സ്റ്റുഡന്റ്സ് മാർക്കറ്റുകളിൽ, വിദ്യാർത്ഥികൾക്കാവശ്യമായ നോട്ട് ബുക്ക്, ബാഗ് തുടങ്ങിയ 3-ൽ അധികം ബ്രാൻഡുകളുടെ 750 ഇനം സാധനങ്ങൾ സ്റ്റുഡന്റ്സ് മാർക്കറ്റിൽ ഈ അദ്ധ്യയന വർഷത്തിൽ ലഭ്യമായിരുന്നുവെന്നും സംസ്ഥാനത്തൊട്ടാകെ 472 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ഈ വർഷം പ്രവർത്തിച്ചിരുന്നുവെന്നും 7.14 കോടി രൂപയുടെ വിൽപ്പന നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു

നീതി സ്കീമിന്റെ ഭാഗമായി കേരളത്തിലുടനീളം 14 നീതി വിതരണകേന്ദ്രങ്ങളിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന 700-ൽപ്പരം നീതി സ്റ്റോറുകളാണ് ഇപ്പോഴുള്ളതെന്നും ഇ-ടെൻഡർ നടപടി ക്രമങ്ങളിലൂടെയാണ് പർച്ചേസ് നടന്നു വരുന്നതെന്നും ഇ-ടെൻഡർ മുഖേന ടെൻഡർ സമർപ്പിക്കുന്ന പാർട്ടികൾ നൽകുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും 2018 ജനുവരി മുതൽ ആഗസ്റ്റ് വരെ 85 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൺസ്യൂമർ ഫെഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

വിദേശമദ്യ വ്യാപാരനയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം 36 വിദേശമദ്യ ഷോപ്പുകളും 3 ബിയർഷോപ്പുകളുമാണ് ഫെഡറേഷൻ നടത്തി വരുന്നതെന്നും കൺസ്യൂമർഫെഡിന്റെ 39 ഷോപ്പുകളിൽ 14 ഷോപ്പുകളിൽക്കൂടി സെൽഫ് സർവ്വീസ് കൗണ്ടറുകൾ ആരംഭിക്കാനുണ്ടെന്നും സെയിൽസ് ഇൻസെന്റീവ് ഇനത്തിൽ 2017-18 വർഷത്തിൽ 1.37 കോടി രൂപ ഫെഡറേഷന് ലഭിച്ചിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി. റൊക്കം പണം നൽകി ബീവറേജസ് കോർപ്പറേഷനിൽ നിന്നും വിൽപ്പനയ്ക്കായുള്ള വിദേശമദ്യം വാങ്ങി വരുന്നുവെന്നും ഫെഡറേഷന് ഒരു ദിവസം

ശരാശരി 5 കോടി രൂപയുടെ പർച്ചേസ് നടത്തണമെങ്കിൽ 5 കോടി രൂപയും മുൻകൂർ അടച്ചാൽ മാത്രമേ ബിവറേജസ് കോർപ്പറേഷൻ സാധനം നൽകുകയുള്ളൂവെന്നും മുൻകൂർ പണം അടയ്ക്കുന്നതിന് പർച്ചേസ് ക്രെഡിറ്റ് എന്ന വ്യവസ്ഥയിൽ ഫെഡറേഷന് മൂലധനം ലഭിക്കുകയാണെങ്കിൽ ഫെഡറേഷന് കുറച്ചുകൂടി നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയുമെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

10 ശതമാനം മുതൽ 40 ശതമാനം വരെ വില കുറച്ച് ജീവൻരക്ഷാ മരുന്നുൾപ്പെടെയുള്ള മരുന്നുകൾ സാധാരണക്കാർക്ക് എത്തിച്ച് കൊടുക്കുന്ന 86 നീതി മെഡിക്കൽ സ്റ്റോറുകൾ ഫെഡറേഷൻ നേരിട്ട് നടത്തുന്നുണ്ടെന്നും സംസ്ഥാനത്തുടനീളമുള്ള സഹകരണ സംഘങ്ങൾ നടത്തുന്ന 825-ലധികം നീതി മെഡിക്കൽ സ്റ്റോറുകൾക്ക് 12 നീതി മെഡിക്കൽ വെയർ ഹൗസുകളിലൂടെ മരുന്ന് എത്തിച്ചുകൊടുക്കുന്നുണ്ടെന്നും വകുപ്പ് സെക്രട്ടറി വിശദീകരിച്ചു. ഇൻസുലിൻ മരുന്നുകൾ പരമാവധി വിൽപ്പന വിലയിൽ നിന്നും 18 ശതമാനം വിലക്കുറവിലും മറ്റ് മരുന്നുകൾ എം.ആർ.പി.-യെക്കാൾ 10 മുതൽ 70 ശതമാനം വരെ വിലക്കുറവിലുമാണ് വിൽപ്പന നടത്തുന്നതെന്നും മുപ്പതിനായിരത്തോളം ബ്രാൻഡഡ് മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന വിൽപ്പന നടത്തി വരുന്നുണ്ടെന്നും 2018 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ 18 പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഫെഡറേഷൻ മുന്നോട്ട് വച്ചിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. അതേ തുടർന്ന് നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന വിൽപ്പന നടത്തുന്ന മരുന്നുകളുടെ ലഭ്യതയെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. പല സംഘങ്ങളും അവരുടെ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ ലഭിക്കാത്തതുകൊണ്ട് ഫെഡറേഷനിൽ നിന്ന് പർച്ചേസ് ചെയ്യുന്നില്ലെന്നും ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ നൽകാൻ ഫെഡറേഷൻ തയ്യാറായാൽ സഹകരണ സംഘങ്ങൾ പുറത്ത് നിന്ന് മരുന്ന് പർച്ചേസ് ചെയ്യുകയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

പുതിയ ഭരണ സമിതി നിലവിൽവന്നതിനുശേഷം 6 നീതി മെഡിക്കൽ വെയർ ഹൗസുകളുടെ സ്ഥാനത്ത് 12 നീതി മെഡിക്കൽ വെയർഹൗസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇപ്പോൾ 95 ശതമാനം മരുന്നുകളും ഫെഡറേഷന് വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടെന്നും നേരത്തെയുള്ള പ്രശ്നം മരുന്നുകളുടെ ലഭ്യതക്കുറവായിരുന്നില്ലെന്നും പുറത്തുനിന്ന് മരുന്നുകൾ പർച്ചേസ് ചെയ്യുമ്പോൾ കിട്ടുന്ന കമ്മീഷന്റെയും മറ്റും ഭാഗമായി സെയിൽസ്മാൻമാരുടെ ഇടപെടലുകൾ കാരണമാണെന്നും കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ സമിതിയെ അറിയിച്ചു. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകളുള്ളതെന്നും അവർക്കെല്ലാം 95 ശതമാനം മരുന്ന് നൽകാൻ കഴിയുന്നുണ്ടെന്നും ഫെഡറേഷൻ ചെയർമാൻ കൂട്ടിച്ചേർത്തു.

ഇൻഡന്റ് പ്രകാരമുള്ള മരുന്ന് നൽകാൻ ഫെഡറേഷൻ തയ്യാറായാൽ സഹകരണ സംഘങ്ങൾ പുറത്തുനിന്ന് പർച്ചേസ് ചെയ്യുകയില്ലെന്നും അങ്ങനെയായാൽ ബിസിനസ് വർദ്ധിക്കുകയും സാധാരണക്കാർക്ക് അതിന്റെ ഗുണം ലഭിക്കുകയും ചെയ്യുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു. നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ആവശ്യമുള്ള സാധനങ്ങളുടെ മുഴുവൻ വിവരങ്ങളും വ്യക്തമായി ഏകീകരിച്ച് ഫെഡറേഷന് ലഭ്യമാക്കി മരുന്ന് നൽകുന്നതിന് കാലതാമസമുണ്ടായിരുന്നുവെന്നും, നിലവിൽ ഓൺലൈൻ ഇൻഡന്റിംഗ് സംവിധാനം ഏർപ്പെടുത്തിയതിനാൽ വിദൂരത്തുള്ള സ്റ്റോറിനുപോലും അവർക്കാവശ്യമുള്ള സാധനങ്ങളുടെ വിവരം ഓൺലൈനായി ഫെഡറേഷന് നൽകാനും, ആവശ്യമുള്ള സാധനങ്ങൾ സമയബന്ധിതമായി വാങ്ങി നൽകുന്നതിന് ഫെഡറേഷന് കഴിയുന്നുണ്ടെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി. 2018 സെപ്റ്റംബർ 26-ാം തീയതി വരെ 12.68 കോടി രൂപയുടെ വിൽപ്പനയാണ് നടന്നിട്ടുള്ളതെന്നും വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് പ്രവർത്തിച്ച് വരുന്ന എൽ.പി.ജി. ബോട്ട്ലിംഗ് പ്ലാന്റിൽ 90 മെട്രിക് ടൺ എൽ.പി.ജി. മൂന്ന് ബുള്ളറ്റുകളിലായി സ്റ്റോർ ചെയ്ത് ഒരു മണിക്കൂറിൽ 4.34 മെട്രിക് ടൺ ഫിൽ ചെയ്യുന്നതിനുള്ള കപ്പാസിറ്റിയാണുള്ളതെന്ന് ഭാരത് പെട്രോളിയം കോർപ്പറേഷനും ഇന്ത്യൻ ഓയിൽ കോർപ്പറേഷനും നീതി ഗ്യാസും ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു ടൺ ഗ്യാസ് ഫിൽ ചെയ്യുന്നതിന് 475 രൂപയും ടാക്സും ഉൾപ്പെടെ 560 രൂപ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നൽകുമ്പോൾ ഭാരത് പെട്രോളിയം കോർപ്പറേഷൻ 329 രൂപയാണ് നൽകിവന്നിരുന്നതെന്നും ഭാരത് പെട്രോളിയം കോർപ്പറേഷനുമായുള്ള കരാർ 31-3-2018-ന് അവസാനിച്ചതായും ത്രിവേണി സൂപ്പർമാർക്കറ്റ് വഴി ഫെഡറേഷന്റെ നീതി ഗ്യാസ് ബുക്ക് ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതായും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

എല്ലാവിധ ഓഫീസ് സ്റ്റേഷനറികൾ, ഹൗസ് ഹോൾഡ്, ഇലക്ട്രിക്കൽ ഐറ്റംസ് എന്നിവ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്ന ഫെഡറേഷന്റെ 12 ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ നിലവിൽ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ടെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കൺസ്യൂമർ ഫെഡ് പുറത്തിറക്കുന്ന ത്രിവേണി നോട്ടുബുക്കുകൾ, ഗുണമേന്മകൊണ്ടും വിലക്കുറവ് കൊണ്ടും ജനശ്രദ്ധ പിടിച്ച് പറ്റിയിട്ടുണ്ടെന്നും, നോട്ടുബുക്ക് യൂണിറ്റിലെ 4 കോടി 32 ലക്ഷം രൂപയുടെ 26 ലക്ഷം നോട്ടുബുക്കുകളുടെ 2017-ലെ നീക്കിയിരിപ്പ് സ്റ്റോക്കും 2018-ലെ 24 ലക്ഷം നോട്ടുബുക്കുകളുടെ പ്രൊഡക്ഷനും ഉൾപ്പെടെ ആകെ 9 കോടി 86 ലക്ഷം രൂപയുടെ വിൽപ്പനയ്ക്കുവേണ്ടിയുള്ള ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി വിവിധ റീജിയണുകളിൽ നിന്നുള്ള ഇൻഡന്റ് എടുത്തിട്ടുള്ളതായും അടുത്ത

സ്കൂൾ റീ-ഓപ്പണിംഗ് സീസണിൽ നോട്ടുബുക്കുകൾ വിൽക്കുന്നതിനുള്ള ക്രമീകരണങ്ങൾ കുറച്ചുകൂടി വിപുലമായി ഏർപ്പെടുത്തിയിട്ടുള്ളതായും വകുപ്പ് സെക്രട്ടറി അറിയിച്ചു

ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ 21-10-2013-ന് ആരംഭിച്ച ഡി.ഫാം കോഴ്സ് വിജയകരമായി നടന്നുവരുന്നതായും 2016-ൽ 55 സെന്റ് സ്ഥലം കൂടി വാങ്ങി അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചിട്ടുണ്ടെന്നും എ.ഐ.സി.റ്റി.ഇ., പി.സി.ഐ. എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ത്രിവേണി വിഭാഗം ഒഴികെ മറ്റെല്ലാ യൂണിറ്റുകളും നിലവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

ത്രിവേണി സ്റ്റോറുകൾ വർഷം മുഴുവൻ സബ്സിഡി നിരക്കിൽ സാധനങ്ങൾ നല്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കൺസ്യൂമർ ഫെഡറേഷന് നൽകുന്ന സബ്സിഡി ഉത്സവകാല വിപണി ഇടപെടലിന് മാത്രമാണെന്നും എന്നാൽ സിവിൽ സപ്ലൈസിന്റെ മാവേലി സ്റ്റോറുകളിൽ 365 ദിവസവും സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകുന്നുണ്ടെന്നും ത്രിവേണി സ്റ്റോറുകളിൽ പുറത്തുള്ള റേറ്റിനെക്കാൾ 10 ശതമാനം മുതൽ 20% വരെ റേറ്റ് കുറവാണെന്നും അതുകൊണ്ടാണ് ത്രിവേണി നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്നും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡി നിരക്കിൽ മാവേലി സ്റ്റോറുകളിലെപ്പോലെ വർഷം മുഴുവൻ സബ്സിഡി കൊടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ ത്രിവേണിയുടെ പ്രവർത്തനത്തിൽ വലിയ മാറ്റമുണ്ടാകുമെന്ന് കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ മറുപടി നൽകി.

ഫെഡറേഷന്റെ വരുമാനത്തിൽ നിന്നും സബ്സിഡി നൽകിക്കൊണ്ട് പ്രവർത്തിക്കുവാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന് അങ്ങനെ കഴിയില്ലെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന് വർഷം മുഴുവൻ 13 ഇനങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി വിറ്റഴിക്കുന്നതിനുള്ള സബ്സിഡി സർക്കാർ കൊടുക്കുന്നുണ്ടെന്നും കൺസ്യൂമർഫെഡറേഷന് നൽകുന്ന സബ്സിഡി ഉത്സവകാല വിപണി ഇടപെടലിന് മാത്രമാണെന്നും വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

2018 ജൂൺ, ജൂലൈ മാസങ്ങളിലെ മദ്യവിൽപ്പനയിൽ ഗണ്യമായ കുറവ് വരാനുണ്ടായ കാരണമെന്താണെന്ന് സമിതി അന്വേഷിച്ചതിന് ദൂരപരിധിയും മറ്റ് മാനദണ്ഡങ്ങളിലും കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തിയ കാലയളവിൽ പകുതിയിലേറെ ഷോപ്പുകൾ അടഞ്ഞുകിടക്കുകയായിരുന്നുവെന്നും അവ മാറ്റി സ്ഥാപിക്കുന്നകാര്യത്തിലും വലിയ പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നും കൺസ്യൂമർ ഫെഡറേഷൻ ചെയർമാൻ മറുപടി നൽകി.

കൺസ്യൂമർ ഫെഡിന് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റിൽ നിന്നും നേരിട്ട് വിദേശ മദ്യം വാങ്ങാനുള്ള അനുമതിയുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ബിവറേജസ്

കോർപ്പറേഷനിൽ നിന്നും വിദേശ മദ്യം നേരിട്ട് വാങ്ങുന്നതിന് നിയമം അനുവദിക്കുന്നില്ലെന്ന് ബിവറേജസ് കോർപ്പറേഷൻ നിശ്ചിത ലാഭം എടുത്തതിനുശേഷമാണ് കൺസ്യൂമർ ഫെഡിന് വിദേശ മദ്യം നൽകുന്നതെന്നും ബിവറേജസ് കോർപ്പറേഷനിലുള്ള തൊഴിലാളികൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും കൺസ്യൂമർ ഫെഡിലെ തൊഴിലാളികൾക്ക് നൽകുന്നുണ്ടെന്നും കൺസ്യൂമർ ഫെഡ് ചെയർമാൻ വ്യക്തമാക്കി. ബിവറേജസ് കോർപ്പറേഷന്റെ അതേ റേറ്റിൽ തന്നെയാണ് കൺസ്യൂമർ ഫെഡ് വിദേശമദ്യം നൽകുന്നതെന്നും ആയതിനാൽ ബിവറേജസ് കോർപ്പറേഷന് കിട്ടുന്നതിനെക്കാൾ കുറഞ്ഞ ലാഭം മാത്രമേ കൺസ്യൂമർ ഫെഡിന് ലഭിക്കുന്നുള്ളുവെന്നും കൺസ്യൂമർ ഫെഡ് ചെയർമാൻ കൂട്ടിചേർത്തു.

നീതി മെഡിക്കൽ സ്റ്റോറുകളിൽ ജൂലൈ മാസത്തിൽ 328.25 കോടി രൂപയുണ്ടായിരുന്ന വിൽപ്പന ആഗസ്റ്റ് മാസമായപ്പോൾ 297.79 കോടി രൂപയായി കുറഞ്ഞിട്ടുണ്ടെന്നും നീതി മെഡിക്കൽ വെയർ ഹൗസുകളുടെ വിൽപ്പന 1487 കോടി രൂപയായിരുന്നത് 1385.42 കോടി രൂപയായി കുറഞ്ഞിട്ടുണ്ടെന്നും കാസർഗോഡ്, തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകൾ ഒഴികെ ബാക്കി ജില്ലകളിലെയും ഔട്ട്ലെറ്റുകളിൽ വിൽപ്പന കുറഞ്ഞിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ പ്രളയ ദുരന്തം ബാധിക്കാതിരുന്നതിനാലാണ് അവിടെ വിൽപ്പന കൂടിയതെന്നും റാന്നി, കോട്ടയം ചാലക്കുടി, ആലുവ തുടങ്ങിയ സ്ഥലങ്ങളിലുണ്ടായിരുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ പ്രളയ ദുരന്തത്തിന്റെ ഭാഗമായി നശിക്കുകയും 4.8 കോടി രൂപയുടെ നഷ്ടം സ്ഥാപനത്തിന് ഉണ്ടാകുകയും ചെയ്തതായും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

സഞ്ചരിക്കുന്ന എത്ര ത്രിവേണി യൂണിറ്റുകളാണ് നിലവിലുള്ളതെന്ന് സമിതി ആരാഞ്ഞതിന് 58 യൂണിറ്റുകളാണ് നിലവിലുള്ളതെന്ന് വകുപ്പ് സെക്രട്ടറി മറുപടി നൽകി. ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്ത് സാധനങ്ങൾ വിൽപ്പനയ്ക്ക് കൊണ്ടുപോകാനായി നിർമ്മിച്ചിരുന്ന ബോട്ടിന്റെ പ്രവർത്തനം ഏതവസ്ഥയിലാണെന്ന് സമിതി ആരാഞ്ഞതിന് ബോട്ടിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ട അവസ്ഥയിലാണെന്നും ബോട്ടുകൾ കിടക്കുന്നത് നെഹ്റു ട്രോഫിയുടെ ഫിനിഷിംഗ് പോയിന്റിനടുത്താണെന്നും നെഹ്റു ട്രോഫി വള്ളംകളി നടത്താൻ കഴിയാത്ത അവസ്ഥ വന്നപ്പോൾ ലേലം ചെയ്യാൻ ശ്രമിച്ചെങ്കിലും നടന്നില്ല എന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഇതൊരു സാമൂഹിക പ്രശ്നവും പരിസ്ഥിതി പ്രശ്നവും ആയതുകൊണ്ട് ബോട്ട് അവിടെ നിന്നും മാറ്റണമെന്ന് ജില്ലാ കളക്ടർ കൺസ്യൂമർ ഫെഡിനോട് നിർദ്ദേശിക്കുകയാണുണ്ടായതെന്നും ബോട്ട് മാറ്റാൻ ചെലവാകുന്ന തുക ഭീമമായതിനാൽ വകുപ്പിന് പൂർണ്ണമായും അനുമതി നൽകാൻ കഴിയുന്നില്ലെന്നും ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം ഉണ്ടാകേണ്ടതാണെന്നും കൺസ്യൂമർഫെഡ് ചെയർമാൻ കൂട്ടിച്ചേർത്തു.

കൺസ്യൂമർ ഫെഡ് നടത്തിവരുന്ന ഒരേയൊരു വിദ്യാഭ്യാസ സ്ഥാപനമായ ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ സ്ഥാപനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ആഡിറ്റോറിയം, ലേഡീസ് ഹോസ്റ്റൽ, ഫർണിച്ചർ ഉൾപ്പെടെയുള്ളവ ലഭ്യമാക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ പുതിയ ഭരണസമിതി ഭരണം ഏറ്റെടുത്തപ്പോൾ ഡി.ഫാം. കോഴ്സിനും പുറമെ ബി.ഫാം. കോഴ്സും കൂടി ആരംഭിച്ചതായും ഇത്തവണ എ.ഐ.സി.റ്റി.യുടെ അംഗീകാരവും ലഭിച്ചിട്ടുള്ളതായും രണ്ടേകാൽ കോടി രൂപയുടെ ഒരു പ്രോജക്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും കൺസ്യൂമർ ഫെഡ് ചെയർമാൻ സമിതിയെ അറിയിച്ചു.

കൺസ്യൂമർ ഫെഡിന്റെ ഇപ്പോഴുള്ള ബാങ്ക് വായ്പ എത്രയാണെന്ന് സമിതി ആരാഞ്ഞതിന് കൺസ്യൂമർ ഫെഡിന്റെ ബാങ്ക് വായ്പ 425 കോടിയോളം രൂപയാണെന്നും ആയതിന് 9 ശതമാനം പലിശ നൽകുന്നുണ്ടെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു. പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും നിക്ഷേപം വാങ്ങി വായ്പ അടച്ചുതീർത്താൽ പലിശ നിരക്കിൽ ഗണ്യമായ തുക ലാഭിക്കാമെന്നും, ശാസ്ത്രീയ പഠനം നടത്തി നഷ്ടത്തിലായ യൂണിറ്റുകൾ അടച്ചുപൂട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചാൽ വരും വർഷങ്ങളിൽ കൺസ്യൂമർ ഫെഡിനെ നല്ല നിലയിലാക്കാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു.

കൺസ്യൂമർ ഫെഡുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്ന മോശമായ പരാമർശങ്ങൾ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് സ്ഥാപനത്തിലെ ജീവനക്കാരിൽ കുറെയധികം പേർ അഴിമതിക്കാരായിരുന്നുവെന്നും അഴിമതിക്കെതിരെ കർശന നിലപാട് മാനേജ്മെന്റ് സ്വീകരിക്കുന്നുണ്ടെന്നും ഓണം കഴിഞ്ഞയുടനെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള യൂണിറ്റുകളിൽ ഇൻസ്പെക്ഷൻ നടത്തുകയും ഹരിപ്പാട് ഗോഡൗണിൽ നാല് ലക്ഷം രൂപയുടെ വെളിച്ചെണ്ണ കുറവുള്ളതായി കണ്ടെത്തുകയും ചെയ്തിരുന്നുവെന്നും ഇത് സംബന്ധിച്ച് ഗോഡൗൺ മാനേജരെ സസ്പെന്റ് ചെയ്തതായും കൺസ്യൂമർഫെഡ് ചെയർമാൻ മറുപടി നൽകി. ഓണത്തിനുശേഷം ഗോഡൗണുകളിൽ വിജിലൻസ് ഇൻസ്പെക്ഷൻ നടത്തുകയും സാധനങ്ങളുടെ സാമ്പിൾ ശേഖരിക്കുകയും ചെയ്തിരുന്നതായും ആ സന്ദർഭത്തിൽ പാലക്കാട് ഗോഡൗണിൽ ഡാമേജായി, മാറ്റിവച്ച 78 ചാക്ക് പലവ്യഞ്ജനങ്ങളിൽ നിന്നാണ് സാമ്പിൾ ശേഖരിച്ചതെന്നും അങ്ങനെ പഴകിയ പലവ്യഞ്ജനങ്ങൾ കണ്ടുവെന്നാണ് മാധ്യമങ്ങളിൽ വാർത്ത വന്നതെന്നും ഡാമേജായ സാധനങ്ങളുടെ കാര്യം ഫയലിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും കൺസ്യൂമർ ഫെഡ് ചെയർമാൻ കൂട്ടിച്ചേർത്തു.

കൺസ്യൂമർ ഫെഡ് കുറെയധികം കറക്ടീവ് മെഷേഴ്സ് സ്വീകരിച്ചിട്ടുണ്ടെന്നും ദിനം പ്രതിയുള്ള മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയും ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിക്കുകയും ആവശ്യമില്ലാത്ത കുറെ ഗോഡൗണുകൾ ഒഴിവാക്കുകയും കുറച്ച് നോട്ടുബുക്കുകൾ ഒഴികെ കെട്ടിക്കിടന്ന

സാധനങ്ങളും പഴയ വാഹനങ്ങളും വിറ്റഴിക്കുകയും ചെയ്തിട്ടുണ്ടെന്നും 41 നന്മ സ്റ്റോറുകൾ അടച്ചുപൂട്ടുകയും 2266 ജീവനക്കാരെ ഒഴിവാക്കുകയും 2012-13 മുതലുള്ള ഓഡിറ്റ് കുടിശ്ശിക തീർക്കാൻ ചാർട്ടേഡ് അക്കൗണ്ടന്റ് ഫേമിനെ ചുമതലപ്പെടുത്തുകയും ചെയ്തതായും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വിദ്യാഭ്യാസ വർഷം ആരംഭിക്കുന്നതിന് ഒരു മാസം മുമ്പുതന്നെ ഗുണമേന്മയുള്ള നോട്ടുബുക്കുകൾ സ്കൂൾ സൊസൈറ്റി വഴി സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ഓഡിറ്റിംഗ് പൂർത്തീകരിച്ച വർഷത്തെ ഡിവിഡന്റ് 'കെയർ ഹോം പദ്ധതി'ക്ക് നൽകാമെന്ന് ജനറൽ ബോഡി തീരുമാനിച്ച് പ്രമേയം പാസ്സാക്കിയിരിക്കുന്നതായും എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്ട്രാറിന്റെ ഉത്തരവിൽ അവ്യക്തതയുള്ളതായി സമിതി ചൂണ്ടി കാണിച്ചു. ജനറൽ ബോഡിയിൽ തീരുമാനമുണ്ടായെങ്കിലും ഇത് ഒരു ഉത്തരവായി ഇറക്കാനാവില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ സമിതിയെ അറിയിച്ചു

ഇ-ടെൻഡറിന്റെയും നീതി മെഡിക്കൽ സ്റ്റോറിന്റെയും കാര്യത്തിൽ അഭിനന്ദനാർഹമായ നടപടി കൺസ്യൂമർ ഫെഡ് സ്വീകരിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തുകയും രണ്ട് വർഷം കൊണ്ട് വളരെയധികം പ്രവർത്തന മികവ് കാഴ്ച വച്ച ഒരു സ്ഥാപനമാണ് കൺസ്യൂമർ ഫെഡെന്ന് അഭിപ്രായപ്പെടുകയും കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങളെ സമിതി അഭിനന്ദിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 4.15-ന് പിരിഞ്ഞു.

## 5-12-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2018 ഡിസംബർ 5-ാം തീയതി ബുധനാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ.പി.തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. വി. ജോയി, എം.എൽ.എ.
3. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.
4. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും വകുപ്പ്
2. ശ്രീ.പി.എസ്.രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
3. ശ്രീമതി. എസ്.സന്ധ്യ, അഡീഷണൽ ലാ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ.ബി.പ്രതാപചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ.വി.ആർ.കൃഷ്ണകുമാർ, അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

സമിതി 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും സമിതിയംഗം ശ്രീ.അനൂപ് ജേക്കബ് എം.എൽ.എ. യോഗത്തിൽ ഹാജരായി വിയോജനക്കുറിപ്പ് നൽകുകയും ചെയ്തു.

യോഗം വൈകുന്നേരം 5.10-ന് പിരിഞ്ഞു.

## 4-2-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2019 ഫെബ്രുവരി 4-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം (വൈകുന്നേരം 7.00 മണിയ്ക്ക്) നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
3. ശ്രീ. വി. ജോയി, എം.എൽ.എ.
4. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
3. ശ്രീ. എസ്. ഷാനവാസ്, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
4. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
5. ശ്രീ. കെ. സജ്ജദ്, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടിയാണ് യോഗം ചേർന്നിട്ടുള്ളതെന്ന് ചെയർമാൻ സമിതിയെ അറിയിക്കുകയുണ്ടായി. രജിസ്ട്രാറുടെ അനുമതിയോടെ കേരള ബാങ്കിന്റെ ബ്രാഞ്ചുകൾ ഏത് സ്ഥലത്തും ആരംഭിക്കാമെന്ന ഭേദഗതി കൊണ്ടുവന്നിട്ടുള്ളത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച് നിലവിലെ സ്ഥിതി തുടരുന്നതാണ് ഉചിതമെന്ന് ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ. അഭിപ്രായപ്പെട്ടു. ഓഡിറ്റർമാരെ നിയമിക്കുന്ന വിഷയത്തിൽ പാനൽവച്ച് അതിൽ നിന്നും ഡയറക്ടർ ഓഫ് ഓഡിറ്റിനെ തെരഞ്ഞെടുക്കും എന്നാണ് പറഞ്ഞിട്ടുള്ളതെന്നും, ബോർഡ് ഓഫ് മാനേജ്മെന്റിന് ഇതിനുള്ള അധികാരം കൊടുക്കണമെന്നും ബഹു. അംഗം അഭിപ്രായപ്പെട്ടു.

ഇക്കാര്യങ്ങൾ സഭയിൽ സമിതി അംഗത്തിന് ഉന്നയിക്കാമെന്നും, നല്ല നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആവശ്യമായ മാറ്റം വരുത്താമെന്നും സമിതി ചെയർമാൻ അറിയിക്കുകയുണ്ടായി.

കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പാകുടിശ്ശികയുള്ളവർക്ക് നോട്ടീസുകൾ അയയ്ക്കുകയും, ബോർഡ് സ്ഥാപിക്കുകയും ചെയ്യുന്നതായി ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ. അറിയിക്കുകയും, പ്രളയബാധിത പ്രദേശങ്ങളിലുള്ളവർക്കുപോലും ഇക്കാര്യത്തിൽ ഇളവനുവദിച്ചിട്ടില്ലെന്നും, ഇത്തരം നടപടികൾ ഇപ്പോഴത്തെ സന്ദർഭത്തിൽ ചെയ്യരുതെന്നും വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള സാവകാശം സാധാരണക്കാർക്ക് നൽകണമെന്നും ബഹു. അംഗം അഭിപ്രായപ്പെട്ടു.

ഇടപാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ കാര്യങ്ങൾ ചെയ്യാമെന്നും, സർക്കാരിന്റെ മുന്നിൽ വരുന്ന കേസുകളിൽ സാവകാശം അനുവദിക്കുകയും, വായ്പ തിരിച്ചടയ്ക്കണമെന്ന് അഭ്യർത്ഥിക്കാറുണ്ടെന്നും, ഈ വിഷയം പരിശോധിക്കാമെന്നും ബഹു. സമിതി ചെയർമാൻ അറിയിക്കുകയുണ്ടായി.

തുടർന്ന്, 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ബില്ലിലെ Clause 3-ൽ sub section (3)-ന് ശേഷമുള്ള പ്രൊവിസോയിൽ "date of resolution that"എന്ന വാക്കുകൾക്ക് ശേഷം "they"എന്ന വാക്കുകൂടി ചേർക്കുന്നതിന് തീരുമാനിച്ചു.

Clause 7-ൽ "In sub-section (3)" എന്നതിനുശേഷം "of section 56"എന്നത് കൂടി ചേർക്കുന്നതിന് തീരുമാനിച്ചു.

Clause 10-ൽ 74(H)-ന്റെ sub-section (6)ലെ item (i)-ൽ "Chairman" എന്നതിന് പകരം "Chairperson" എന്നാക്കുന്നതിനും, sub section (9)-ൽ "section 31" എന്നതിന് ശേഷം "of this Act" എന്ന് കൂടി ചേർക്കുന്നതിനും, sub section(11)-ൽ "the principal" എന്ന വാക്കിനു പകരം "this" എന്ന വാക്ക് ചേർക്കുന്നതിനും, sub section (14)ൽ "officers and" എന്ന വാക്കുകൾ ഒഴിവാക്കുന്നതിനും, Sub Section (16)-ൽ "officers or other employees" എന്ന വാക്കുകൾക്കു പകരം "employees of the transferor banks" എന്ന് ചേർക്കുന്നതിനും, sub section (17)ൽ "Banking Regulation Act" എന്നതിനു ശേഷം ", 1949 (Central Act X of 1949)"എന്നുകൂടി ചേർക്കുന്നതിനും, sub section (18)-ന്റെ ആരംഭത്തിൽ "The" എന്നതിനുപകരം "Not withstanding anything contained in this Act, the" എന്ന് ചേർക്കുന്നതിനും, "provision" എന്ന വാക്കിനു പകരം "provisions" എന്നാക്കുന്നതിനും തീരുമാനിച്ചു.

Clause 12-ൽ Sub Clause (ii)ലെ item (b)ൽ "clause (c) shall be substituted as follows" എന്നതിനു പകരം "for clause (c) the following clause shall be substituted" എന്നാക്കി മാറ്റുന്നതിന് തീരുമാനിച്ചു.

Clause 13-ൽ "In sub-section (6)" എന്നതിനുശേഷം "of section 94 of the principal Act" എന്നത് കൂടി ചേർക്കുന്നതിന് തീരുമാനിച്ചു.

സമിതിയംഗങ്ങളായ ശ്രീ. അബ്ദുൽ ഹമീദ്. പി., ശ്രീ. അനൂപ് ജേക്കബ് എന്നിവർ പ്രസ്തുത ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് നൽകി.

പ്രസ്തുത ബിൽ സംബന്ധിച്ച റിപ്പോർട്ട് 2019 ഫെബ്രുവരി 6-ന് സഭയിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 7.30-ന് പിരിഞ്ഞു.

## 21-2-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2019 ഫെബ്രുവരി മാസം 21-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. പി.സി. ജോർജ്, എം.എൽ.എ.
2. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. മാത്യൂക്കുട്ടി. ജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. എസ്. ഷാനവാസ്, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
3. ഡോ. ആർ. ശശികുമാർ, ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)
4. ഡോ. റ്റി. പരൺജ്യോതി, ഡയറക്ടർ, അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)
5. ശ്രീ. പി. ഡോൺബോസ്കോ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് എസ്.സി/എസ്.ടി ഫെഡറേഷൻ
6. ശ്രീ. ആർ. സുകേശൻ, മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്
7. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
8. ശ്രീ. കെ. സജ്ജദ്, അഡീഷണൽ രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
9. ശ്രീ. പി. എസ്. മനോജ്, അഡീഷണൽ രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

10. ശ്രീ. എം. പി. അനിൽകുമാർ, അഡീഷണൽ രജിസ്ട്രാർ (പ്ലാനിംഗ്), കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

11. ശ്രീ. എസ്. ജയചന്ദ്രൻ, അഡീഷണൽ രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

12. ശ്രീമതി കെ. ശകുന്തള, അഡീഷണൽ രജിസ്ട്രാർ, ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ട് (ICDP)

13. ശ്രീമതി എം. ഗീത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

14. ശ്രീ. രാജേഷ് പ്രകാശ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

15. ശ്രീ. കെ.വി. പ്രശോഭൻ, ജോയിന്റ് രജിസ്ട്രാർ, (മാർക്കറ്റിംഗ് & പ്ലാനിംഗ്) കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

16. ശ്രീമതി കെ.എൻ. ശോഭനകുമാരി, ഡെപ്യൂട്ടി രജിസ്ട്രാർ, ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ട് (ICDP)

17. ശ്രീ. പി. ആർ. രാജേഷ്, ലെയ്സൺ ഓഫീസർ, കൺസ്യൂമർ ഫെഡ്.

18. ശ്രീ. ബി. ജയകുമാരി, സീനിയർ അക്കൗണ്ടന്റ്, കേരള സ്റ്റേറ്റ് എസ്.സി/ എസ്.ടി ഫെഡറേഷൻ

19. ശ്രീമതി ശ്രീകല എസ്. പണിക്കർ, സീനിയർ ഫിനാൻസ് ഓഫീസർ, ഓഫീസ് ഓഫ് ദി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

20. ശ്രീ. കെ.ജെ. സുധീർ, പബ്ലിക്ക് റിലേഷൻസ് ഓഫീസർ, കൺസ്യൂമർ ഫെഡ്.

സമിതി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVII സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു:

2019-20 സാമ്പത്തിക വർഷത്തിൽ സഹകരണ വകുപ്പിന് 21 പദ്ധതികളിലായി പ്ലാൻ ഇനത്തിൽ 153.25 കോടി രൂപയും എൻ.ഡി.സി. പദ്ധതിയിൽ മൂന്ന് സ്കീമുകൾക്കായി 65 കോടി

രൂപയും ഉൾപ്പെടെ ആകെ 218.25 രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും സംസ്ഥാന പദ്ധതിയിൽ 16 സ്കീമുകളിൽ 36 കോടി രൂപയും എൻ.സി.ഡി.സി. പദ്ധതിയുടെ മൂന്ന് സ്കീമുകൾക്കുവേണ്ടി 59 കോടി രൂപയും ഉൾപ്പെടെ ആകെ 95 കോടി രൂപയാണ് അധികം ആവശ്യപ്പെട്ടിരിക്കുന്നതെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു

2425-00-003-89-31—<u>സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം-സഹായധനം - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ (പ്ലാൻ)

സ്വയംഭരണ സ്ഥാപനമായി പ്രഖ്യാപിക്കപ്പെട്ട അഗ്രിക്കൾച്ചറൽ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും സഹകരണ വിദ്യാഭ്യാസ പരിപാടികളുമായും, ദേശീയ സഹകരണ യൂണിയനുമായി ചേർന്ന് തയ്യാറാക്കിയ ഉടമ്പടിയനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിനുള്ള പ്രവർത്തന ചെലവിന്റെ 50% വഹിക്കുന്നതിനും തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനും, അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന് പങ്കെടുക്കുന്ന വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിനും, കൂടാതെ ഐ.സി.എം. കണ്ണൂരിന് മാച്ചിംഗ് കോൺട്രിബ്യൂഷനായി 10 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 1.50 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-001-90—<u>സഹകരണ പ്രചാരണത്തിനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്ന വിവിധങ്ങളായ കർമ്മപരിപാടികൾ ജനങ്ങളിലെത്തിക്കുന്നതുൾപ്പെടെയുള്ള സഹകരണ പ്രചാരണത്തിനും സഹകരണ വകുപ്പിന്റെ മാസികയായ സഹകരണവീഥിയുടെ പ്രസിദ്ധീകരണ സഹായത്തിനും നിക്ഷേപ സമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ട്രോഫിക്കുള്ള ചെലവ് തുടങ്ങിയവയ്ക്കുമായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-003-88—<u>സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (പ്ലാൻ)

സഹകരണ വകുപ്പ് ജീവനക്കാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതിക വിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും, വകുപ്പിന് കീഴിൽ ആരംഭിക്കുന്ന പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കും ആവർത്തന ചെലവുകൾക്കും അധിക തുക ആവശ്യമുള്ളതിനാൽ 65 ലക്ഷം രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-107-80—<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 14.50 കോടി രൂപ (പ്ലാൻ)

വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാധ്യതയിലേക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ വായ്പ എഴുതി തള്ളുന്നതിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്ന പ്രീമിയം തുകയെക്കാൾ വളരെ കൂടുതൽ തുക സഹായമായി അനുവദിക്കേണ്ടി വരുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി ഈ പദ്ധതിയുടെ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5.90 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-49—<u>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

ബഡ്ജറ്റ് വിഹിതം : 4.20 കോടി രൂപ (പ്ലാൻ)

കൺസ്യൂമർ ഫെഡറേഷനുള്ള പദ്ധതി ധനസഹായം, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ധനസഹായം, നീതി സ്റ്റോറുകൾക്കും നീതി മെഡിക്കൽ സ്റ്റോറുകൾക്കും ധനസഹായം അനുവദിക്കുന്നതിനും, ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി നിലവിലുള്ള മറ്റ് പദ്ധതികൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.30 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു. 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും അനുവദിക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി ഗോഡൗണിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും നവീകരണം നടത്തുന്നതിനുമായാണ് 142 കോടി രൂപയുടെ പുതിയ പ്രോജക്ട് സമർപ്പിച്ചിട്ടുള്ളതെന്നും കൺസ്യൂമർഫെഡിന് സ്വന്തമായി രണ്ട് ഗോഡൗണുകൾ നിർമ്മിക്കണമെന്നുമാണ് പ്രോജക്ടിൽ പറഞ്ഞിട്ടുള്ളതെന്നും കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചപ്പോൾ പ്രസ്തുത പ്രോജക്ട് ബേസിക് ഇൻഫ്രാസ്ട്രക്ച്ചറുമായി ബന്ധപ്പെട്ടതായതിനാൽ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് അപ്‌ലോഡ് ചെയ്യണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

2425-00-108-67—<u>മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

4425-00-108-68—<u>മറ്റ് വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സംഘങ്ങൾക്കുള്ള സഹായം.</u>

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

പലവക സഹകരണ സംഘങ്ങൾക്കായുള്ള അപ്പക്സ് സഹകരണ സംഘത്തിന്റെ രൂപീകരണത്തിനും, ട്രാൻസ്ജെൻഡർ സഹകരണ സംഘം രൂപീകരിച്ച് വിജയകരമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും, സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടത്തുന്ന കൃതി ഇന്റർനാഷണൽ ബുക്ക് ഫെയറിനും, സാഹിത്യ വിജ്ഞാനോത്സവത്തിനും, ആശുപത്രി സഹകരണ സംഘങ്ങളിലെ ബ്ലഡ്ബാങ്ക്/മെഡിക്കൽ ലബോറട്ടറീസ് തുടങ്ങിയവയ്ക്കായി ധനസഹായം അനുവദിക്കുന്നതിനും ഉൾപ്പെടെ ഈ സ്കീമിലെ വിവിധങ്ങളായ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 2 കോടി, 1 കോടി എന്നിങ്ങനെ സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-42—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 11.85 കോടി രൂപ (പ്ലാൻ)

4425-00-108-34—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ഓഹരി മൂലധന വിഹിതം</u>

ബഡ്ജറ്റ് വിഹിതം : 3.15 കോടി രൂപ (പ്ലാൻ)

2017-18-ലെ പദ്ധതിയിനത്തിൽ സംഘങ്ങൾക്ക് അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ എസ്.റ്റി.എസ്.ബി. 172-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന സർക്കാർ തിരിച്ചെടുത്ത തുക 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കേണ്ടതായി വന്നിട്ടുള്ളതിനാൽ മേൽ കാരണത്താൽ നടപ്പുവർഷം ധനസഹായം നൽകാൻ കഴിയാതിരുന്ന സംഘങ്ങൾക്കും വരുംവർഷം ധനസഹായം അനുവദിക്കേണ്ട സംഘങ്ങൾക്കും കൂടാതെ എസ്.സി./എസ്.റ്റി ഫെഡറേഷന്റെ വികസനത്തിനും അട്ടപ്പാടി സമഗ്ര ആരോഗ്യ പരിപാലന പദ്ധതിയുടെ നടത്തിപ്പിനും പുനർജനി പദ്ധതി തുടങ്ങുന്നതിനും കൂടുതൽ തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 8.15 കോടി, 1.85 കോടി എന്നിങ്ങനെ സബ്സിഡി, ഓഹരി എന്നീ ശീർഷകങ്ങളിലായി ആകെ 10

കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-001-91—സഹകരണ വകുപ്പിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം : 1.87 കോടി രൂപ (പ്ലാൻ)

പുതുതായി ആരംഭിച്ച താലൂക്കുകളിൽ രൂപീകൃതമായ അസിസ്റ്റൻറ് രജിസ്റ്റാർ ആഫീസുകളുടെ സ്ഥാപിത പ്രവർത്തനങ്ങൾക്കും വകുപ്പിൽ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന മാനേജ്മെന്റ് സിസ്റ്റം, ജില്ല, താലൂക്ക് തലങ്ങളിലെ ആഫീസുകളിൽ വ്യാപൃതമാക്കി നടപ്പിലാക്കുന്നതിനും അധിക തുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-47-31—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 4.5754 കോടി രൂപ (നോൺ പ്ലാൻ)

CAPE-ൽ 45% സീറ്റ് ഒഴിഞ്ഞുകിടക്കുകയാണെന്നും, കാലത്തിനനുസരിച്ചുള്ള മാറ്റം കോഴ്സുകളിൽ വരുത്തുന്നതിനും, കുട്ടികളെ കൂടുതലായി ആകർഷിക്കുന്ന തരത്തിലുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ചർച്ച നടക്കുന്നുണ്ടെന്നും ചെയർമാൻ അറിയിച്ചു

IHRD-യെ പോലെ സാമ്പത്തിക സഹായം ലഭിച്ചാൽ മാത്രമേ CAPE-നെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്നും പ്രതിമാസം 5 കോടി രൂപ വായ്പയെടുത്താണ് ജീവനക്കാർക്ക് ശമ്പളം നൽകുന്നതെന്നും ചെയർമാൻ അറിയിച്ചു. കേപ്പിന്റെ ലാഭവിഹിതമെടുത്താണ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് ഇൻവെസ്റ്റ് ചെയ്തതെന്നും. പ്രസ്തുത തുക തിരികെ ലഭിച്ചാൽ മാത്രമേ പ്രശ്നം തീരുകയുള്ളൂ എന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രൊഫഷണൽ എഡ്യൂക്കേഷന് വേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ശമ്പളയിനത്തിലെ ചെലവുകൾക്ക് വേണ്ടി കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) 30 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-47-35—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പ്ലാൻ)

പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ .3 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-36—<u>കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 39.90 ലക്ഷം രൂപ (പ്ലാൻ)

4425-00-108-30—<u>അഗ്രികൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് സഹായം</u>

ബഡ്ജറ്റ് വിഹിതം : 50.10 ലക്ഷം രൂപ (പ്ലാൻ)

6425-00-108-09—<u>അഗ്രികൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് ലോൺ</u>

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വിപണന സംഘങ്ങൾക്ക് നൽകിവരുന്ന ധനസഹായം പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന എല്ലാ വിപണന സംരംഭങ്ങൾക്കുംകൂടി ബാധകമാക്കിയിട്ടുള്ള സാഹചര്യത്തിൽ കൂട്ടുതൽ സംഘങ്ങൾക്ക് ധനസഹായം നൽകേണ്ടതുള്ളതിനാൽ ഇതിലേക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 13.30 ലക്ഷം, 16.70 ലക്ഷം, 20 ലക്ഷം എന്നിങ്ങനെ ഈ പദ്ധതിക്കായുള്ള സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്യു.

2425-00-108-33—<u>സഹകരണ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം-സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 1.12 കോടി രൂപ (പ്ലാൻ)

4425-00-108-28—<u>സഹകരണ വകുപ്പിന് കീഴിലുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും നവീകരണം</u>

ബഡ്ജറ്റ് വിഹിതം : 29 ലക്ഷം രൂപ (പ്ലാൻ)

6425-00-108-07—സഹകരണ വകുപ്പിന് കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : 29 ലക്ഷം രൂപ (പ്ലാൻ)

ഈ സ്കീമിൽ മുൻവർഷം സംഘങ്ങൾക്ക് അനുവദിച്ചിരുന്ന തുക സർക്കാർ തിരിച്ചെടുത്ത സാഹചര്യത്തിൽ ടി തുക 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കേണ്ടതായിവന്നിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ ധനസഹായത്തിനായി സംഘങ്ങളിൽ നിന്നും കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. സംഘങ്ങളുടെ ആധുനികവത്ക്കരണം അനിവാര്യമാണ്. ആയതിനാൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 38 ലക്ഷം, 8.5 ലക്ഷം, 8.5 ലക്ഷം എന്നിങ്ങനെ ഈ സ്കീമിലെ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 55 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-32—സഹകരണ സംരംഭകത്വം വഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് 1.50 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-31—വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

4425-00-108-26—വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1.50 കോടി രൂപ (പ്ലാൻ)

വനിതാ സഹകരണ സംഘങ്ങൾ മുഖേനയും, വനിതാ ഫെഡറേഷൻ മുഖേനയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുക, ചെറുകിട വ്യവസായം ആരംഭിക്കുക, ടി സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണം നടപ്പിലാക്കുക തുടങ്ങിയ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ധനസഹായം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ 50 ലക്ഷം വീതം ആകെ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു

2425-00-001-86—കേരള സഹകരണ ബാങ്ക് രൂപീകരണവും ധനസഹായവും

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണം പൂർത്തിയാകുന്ന വേളയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റഗുലേറ്ററി നോംസ് പ്രകാരം നിശ്ചയിക്കപ്പെടുന്ന മൂലധന പര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ തുക ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ ഷെയർ ശീർഷകത്തിൽ അനുവദിക്കുന്നതിനായി സമിതി ശിപാർശ ചെയ്യു.

4425-00-108-42—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 11.76 കോടി രൂപ (പ്ലാൻ)

6425-00-108-19—പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 16.34 കോടി രൂപ (പ്ലാൻ)

സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ/യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും, എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതിപ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം നൽകുന്നതിനും, കാർഷികമേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിനും, 2019-20-ൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി. പദ്ധതികൾക്ക് സഹായം നൽകുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ 11.89 കോടി, 14.99 കോടി എന്നിങ്ങനെ ഈ സ്കീമിലെ ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 26.88 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

6408-02-195-65—പ്രൈമറി കോ-ഓപ്പറേറ്റീവ്സിനും ഫെഡറേഷനുകൾക്കും വേണ്ടി വായ്പ

ബഡ്ജറ്റ് വിഹിതം : 2.28 കോടി രൂപ (പ്ലാൻ)

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതികളായ കോൾഡ് ചെയിൻ, യുവസഹകാർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ധനസഹായം ആവശ്യമുള്ളതിനാൽ 1.92 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-76—പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളുടെ സംയോജിത വികസനം (എൻ.സി.ഡി.സി. പദ്ധതി 100%)-യാത്രാ ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1.35 കോടി രൂപ (പ്ലാൻ)

ഐ. സി. ഡി. പി. മോണിറ്ററിംഗ് സെൽ ഉദ്യോഗസ്ഥന്മാരുടെ നിലവിലുള്ള യാത്രാബത്ത, സ്ഥലംമാറ്റബത്ത എന്നിവയ്ക്കുള്ള തുക അപര്യാപ്തമായതിനാൽ യാത്രാബത്തയ്ക്ക് 1.71 ലക്ഷം രൂപയും സ്ഥലംമാറ്റബത്തയ്ക്ക് 21,000 രൂപയും കൂടി ആകെ 1.92 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-108-71—പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

ബഡ്ജറ്റ് വിഹിതം : 13.64 കോടി രൂപ (പ്ലാൻ)

6425-00-108-74—സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)

ബഡ്ജറ്റ് വിഹിതം : 15.81 കോടി രൂപ (പ്ലാൻ)

പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കി വരുന്ന സംയോജിത വികസന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക ടി ജില്ലകളിലെ സംഘങ്ങളുടെ വികസനത്തിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള തുകയേക്കാൾ വളരെ കുറവാണെന്ന് മനസ്സിലാക്കിയ സമിതി മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ യഥാക്രമം 16.36 കോടി, 14.19 കോടി എന്നിങ്ങനെ ഓഹരി, വായ്പ ഇനത്തിൽ ആകെ 30.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (നോൺ പ്ലാൻ)

2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിന് 26-5-2012-ലെ സ.ഉ. (സാധാ)315/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർപദ്ധതിയായതിനാൽ ലഭിച്ചിട്ടുള്ള ക്ലെയിമുകൾ നൽകുന്നതിന് വേണ്ടി മാത്രം 25 കോടി രൂപ അധികമായി ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2425-00-004-97—<u>ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കുകളെയും ഒറ്റ ബാങ്കായി ലയിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്ന കമ്മിറ്റിക്കുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ഒറ്റ ബാങ്കായി ലയിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച തുടർപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ചെലവുകൾക്കുവേണ്ടി 9 ലക്ഷം രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

കെയർ കേരള പദ്ധതി പ്രകാരം 2000 വീടുകളുടെ നിർമ്മാണം പൂർത്തിയായി വരികയാണെന്നും കൺസ്യൂമർ ഫെഡ് ഡി.പി.ആർ. തയ്യാറാക്കി എത്രയും വേഗം കിഫ്ബിക്ക് സമർപ്പിക്കണമെന്നും കൂടാതെ എ.സി.എസ്.റ്റി.ഐ, എസ്.സി./എസ്.ടി. ഫെഡറേഷൻ, CAPE, വനിത, സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള സഹായം ഉൾപ്പെടെ പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളിലും ഫോളോ അപ്പ് വേണമെന്നും, ആവശ്യമെങ്കിൽ ധനകാര്യ വകുപ്പ് മന്ത്രിയും ധനകാര്യ വകുപ്പ് സെക്രട്ടറിയുമായും ചർച്ച നടത്തി കൂടുതൽ തുക ലഭിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു

സമിതിയോഗം ഉച്ചയ്ക്കു ശേഷം 12.30 ന് പിരിഞ്ഞു.

## 5-3-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2019 മാർച്ച് 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാനും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി ശ്രീ. പി. തിലോത്തമൻ, താഴെപ്പറയുന്ന അംഗങ്ങൾ എന്നിവർ ഹാജരായി.

1. ശ്രീ. അബ്ദുൽ ഹമീദ് പി. — എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ് — ,,
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ — ,,
4. ശ്രീ. ജോർജ് എം. തോമസ് — ,,
5. ശ്രീ. പി. സി. ജോർജ് — ,,
6. ശ്രീ. വി. ജോയി — ,,
7. ശ്രീ. മുഹമ്മദ് മുഹസിൻ പി. — ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. സഖറിയ പി. സാമുവൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
2. ശ്രീമതി എം. എസ്. ജയ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്
3. ഡോ. എൻ. ടി. എൽ. റെഡ്ഡി, ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്

4. ഡോ. പി. സുരേഷ് ബാബു, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

5. ശ്രീ. പി. എസ്. അനിൽ, അഡീഷണൽ ജനറൽ മാനേജർ (ഫിനാൻസ്), സപ്ലൈകോ

6. ശ്രീ. എസ്. സാജു, ജോയിന്റ് സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്

7. ശ്രീമതി എം. ഗീത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

8. ശ്രീ. രാജേഷ് പ്രകാശ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീ. ആർ. ഷാഹുൽ ഹമീദ്, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് വകുപ്പ്

10. ശ്രീ. റിജി എ. സണ്ണി, ഫിനാൻസ് ഓഫീസർ, സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്

സമിതി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XXX(ഭക്ഷ്യം) എന്നിവയുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ പറയുന്ന നിർദ്ദേശങ്ങളും ശിപാർശകളും നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

2019-20 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യപൊതുവിതരണ വകുപ്പിന് പദ്ധതിയിനത്തിൽ 51.74 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1829.8653 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നതെന്നും ആകെ ബഡ്ജറ്റ് വിഹിതം 1881.6053 കോടി രൂപയാണെന്നും പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന 51.74 കോടി രൂപയിൽ 1.76 കോടി രൂപ കേന്ദ്രവിഹിതമാണെന്നും അധിക തുക ആവശ്യപ്പെടുന്ന 9 ശീർഷകങ്ങളിൽ 7 എണ്ണം പദ്ധതിയേതര ഇനങ്ങളിലും രണ്ടെണ്ണം പദ്ധതിയിനങ്ങളിലുമാണെന്ന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2408-01-101-94—<u>റേഷൻ സബ്സിഡി</u>

ബഡ്ജറ്റ് വിഹിതം : 1035.58 കോടി രൂപ (നോൺ പ്ലാൻ)

ഭക്ഷ്യസാധനങ്ങളുടെ വിലയിനത്തിൽ വേയ്മെന്റ് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുന്നതിനും, ദേശീയ ഭക്ഷ്യ ഭദ്രതാനിയമം അനുസരിച്ച് റേഷൻ കടകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി എത്തിക്കുന്നതിനും, സപ്ലൈകോയുടെ ഗതാഗത ഇനത്തിലും, മറ്റു ചെലവുകൾക്കുമായി

അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 84.02 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 200 കോടി രൂപ (നോൺ പ്ലാൻ)

പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നതിനും പൊതുവിതരണ സംവിധാനത്തിലൂടെ AAY കാർഡുടമകൾക്ക് പഞ്ചസാര വിതരണം നടത്തുന്നതിനും 200 കോടി രൂപ അനുവദിക്കണമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നതായും ആവശ്യമായ തുക ലഭിക്കാത്തതിനാലാണ് സാധനങ്ങളുടെ കുറവ് ഔട്ട് ലെറ്റിൽ ഉണ്ടാകുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് കൃത്യമായ സമീപനം സ്വീകരിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത ശീർഷകത്തിൽ 151.80 കോടി രൂപ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ബഡ്ജറ്റ് വിഹിതം : 3 ലക്ഷം രൂപ (നോൺ പ്ലാൻ)

ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച്, ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനകൾക്ക് രാജീവ് ഗാന്ധി ഉപഭോക്തൃ സംരക്ഷണ അവാർഡ് നൽകുന്നതിനും, ദിനാഘോഷങ്ങളോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശിൽപശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികളും, സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സര പരിപാടികളും സംഘടിപ്പിക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-89-34-3—ഫുഡ് അഡ്വൈസറി കമ്മിറ്റി - മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാക്രമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, പൊതുജനങ്ങൾ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന/ ജില്ല/താലൂക്ക്/പഞ്ചായത്ത്തല ഭക്ഷ്യോപദേശക സമിതിയോഗങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള

ചെലവിനുമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-80—ദേശീയ ഭക്ഷ്യ സുരക്ഷ നിയമത്തിന് കീഴിൽ വരുന്ന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 22.43 കോടി രൂപ (പ്ലാൻ)

: 1000 രൂപ (നോൺ പ്ലാൻ)

2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ അദ്ധ്യായം VII (സെക്ഷൻ 14-21) പ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതി പരിഹരിക്കുന്നതിനായി രൂപീകരിച്ച സംസ്ഥാന ഭക്ഷ്യ കമ്മീഷനിലെ ചെയർപേഴ്സൺ, മെമ്പർമാർ, മെമ്പർ സെക്രട്ടറി, മറ്റ് ജീവനക്കാർ എന്നിവരുടെ ശമ്പളം/വേതനം, യാത്രാബത്ത, ഓഫീസ് ചെലവുകൾ ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ ചെലവുകൾക്കായി 2.3 കോടി രൂപ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 55 ലക്ഷം രൂപ (നോൺ പ്ലാൻ)

സ്കൂൾ/കോളേജ് ഫെസ്റ്റുകൾ, സ്കൂൾ ക്ലബ്ബുകൾ, ഉപഭോക്തൃ ബോധവൽക്കരണ മാജിക് ഷോ, ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ, എക്സിബിഷനുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും, പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ).

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനും റേഷൻ കാർഡ് പ്രിന്റിംഗുമായി ബന്ധപ്പെട്ട് സി-ഡിറ്റിന് ബാക്കി തുക നൽകുന്നതിനും ഡാറ്റാ എൻട്രി വെരിഫിക്കേഷൻ ഫോം പ്രിന്റ് ചെയ്തതിന്റെ അനുബന്ധ തുക നൽകുന്നതിനും, അക്ഷയ/സി-ഡിറ്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം നൽകുന്നതിനും, താലൂക്ക്

സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കുമായി അധിക തുക ആവശ്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി 4.32 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

4408-01-800-95—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

സി.എഫ്.ആർ.ഡി.യിൽ പ്രവർത്തിച്ചുവരുന്ന കോളേജ് ഫോർ ഫുഡ് ടെക്നോളജിയിലെ വനിത ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാകുന്നതിനും, മതിൽ നിർമ്മിക്കുന്നതിനും, ഫർണിച്ചർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ പ്രവർത്തികൾ നടത്തുന്നതിനും അധിക തുക ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു

4408-02-101-99—ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ബഡ്ജറ്റ് വിഹിതം : ഇല്ല

നിർമ്മാണം നടന്നുവരുന്ന സപ്ലൈകോയുടെ വലിയതുറ, കൊല്ലം, തിരുവല്ല, കൊച്ചി (ഇടപ്പള്ളി) എന്നീ സ്ഥലങ്ങളിലെ ഗോഡൗണുകളുടെ പൂർത്തീകരണത്തിനും പുതുതായി ഭരണാനുമതി ലഭിച്ച തിരുവല്ല, കൊച്ചി എന്നിവിടങ്ങളിൽ അഡീഷണൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിലേയ്ക്കുമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 26.03 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

3456-00-001-82—പൊതുവിതരണ സമ്പ്രദായം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : ഇല്ല.

പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്കായി മേൽ സൂചിപ്പിച്ച ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2408-01-102-97— വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷ്യ സുരക്ഷ പദ്ധതി

ബഡ്ജറ്റ് വിഹിതം : 2.2 കോടി രൂപ (പ്ലാൻ)

സാമൂഹ്യക്ഷേമ പെൻഷനുകൾ ഉൾപ്പെടെ ഒരു തരത്തിലുള്ള പെൻഷനുകളും ലഭ്യമല്ലാത്തവർക്കുള്ള പദ്ധതിയാണ് അന്നപൂർണ്ണ ഭക്ഷ്യ സുരക്ഷ പദ്ധതിയെന്നും പ്രസ്തുത സ്കീമിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ശ്രമം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് ഓപ്പൺ മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ കൂടുതൽ വിലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സാധനങ്ങൾ വിൽപ്പന നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് എല്ലാ സാധനങ്ങളും ഓപ്പൺ മാർക്കറ്റിൽ നിശ്ചയിച്ചിരിക്കുന്ന വിലയും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധപ്പെടുത്തുന്ന വിലയും തമ്മിൽ താരതമ്യം ചെയ്യുകയും അതാത് ലോക്കൽ ഏരിയയിൽ വിപണനം നടത്തുന്ന വിലയുംകൂടി പരിശോധിച്ചതിനുശേഷമാണ് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വിൽപ്പന നടത്തുന്നതിന് സപ്ലൈകോ തീരുമാനമെടുക്കുന്നതെന്ന് സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മറുപടി നൽകി.

സാമൂഹ്യക്ഷേമ പെൻഷനുകൾ ഉൾപ്പെടെ മറ്റ് പെൻഷനുകൾ ലഭിക്കാത്തതും പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടും നാളിതുവരെ ലഭിക്കാത്തതുമായ പാവപ്പെട്ട ആളുകളെ അന്നപൂർണ്ണ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടിയെടുത്തുകൂടേ എന്ന് സമിതി ചോദിച്ചതിന് ആളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കുടുംബശ്രീ, അയൽക്കൂട്ടം, ഗ്രാമസഭ, ഊരുകൂട്ടം എന്നിവിടങ്ങളിൽ സന്ദേശങ്ങൾ വകുപ്പ് മുഖേന നൽകിയെങ്കിലും പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിന് ആളുകൾ വിമുഖത കാണിക്കുകയാണെന്ന് വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

അന്നപൂർണ്ണ ഭക്ഷ്യ സുരക്ഷ പദ്ധതി വഴി എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നുണ്ടെന്നും എന്നാൽ അന്ത്യോദയ അന്നയോജന സ്കീം (എ.എ.വൈ.) പ്രകാരം പ്രതിമാസം 35 കിലോ ഗ്രാം സൗജന്യമായി നൽകുന്നുവെന്നും ആയതിനാലാണ് കൂടുതലാളുകൾ അന്നപൂർണ്ണ പദ്ധതിയുടെ പരിധിയിൽ വരുന്നതിന് താല്പര്യം പ്രകടിപ്പാക്കാത്തതെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ഇതൊരു കേന്ദ്ര പദ്ധതിയെന്ന നിലയിൽ അരിയുടെ അലോട്ട്മെന്റ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേനയാണ് ലഭിക്കുന്നതെന്നും സംസ്ഥാനത്തിന് ലഭിക്കുന്ന 100 ശതമാനം അരിയിൽ ഏകദേശം 33 ശതമാനം സി.എം.ആർ. (കസ്റ്റം മിൽഡ് റൈസ്) മുഖേനയാണ് നടത്തുന്നതെന്നും ഇതിൽ 27 ശതമാനം അരി ലഭിക്കുന്നത് ആന്ധ്രപ്രദേശ്, തെലുങ്കാന, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ബാക്കിയുള്ളത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമാണെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-106-99-05.3—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 6.46 ലക്ഷം രൂപ (നോൺ പ്ലാൻ)

ആഫീസ് ലാൻഡ് ഫോണുകളുടെ ബില്ലുകൾക്ക് പുറമെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള CUG SIM-ന് എല്ലാ വർഷവും 5.02 ലക്ഷം രൂപ കൊടുക്കേണ്ടി വരുന്നു. കൂടാതെ, പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറാഫീസുകൾക്ക് ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുന്നതിനും അധിക തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുകയും മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 23 ലക്ഷം രൂപ (നോൺ പ്ലാൻ)

ഭവന നിർമ്മാണ ബോർഡിന്റെയും സ്വകാര്യ കെട്ടിടങ്ങളുടെയും വാടക കുടിശ്ശിക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥനവഴിയോ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതിയുടെ അടുത്ത യോഗം 2019 മാർച്ച് 14-ാം തീയതി കൂടുവാൻ തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 14-3-2019-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2019 മാർച്ച് 14-ാം തീയതി വ്യാഴാഴ്ച രാവിലെ 10.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം, ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ, താഴെപ്പറയുന്ന അംഗങ്ങൾ എന്നിവർ പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നു.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.

2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. മാത്യുക്കുട്ടി ജി., ജോയിന്റ് സെക്രട്ടറി

2. ശ്രീ. സഖറിയ പി. സാമുവൽ, ഡെപ്യൂട്ടി സെക്രട്ടറി.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം രാവിലെ 10.15-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.